കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ/പി9/872/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/09/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ/പി9/872/2023 തീയ്യതി: 30/09/2023

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീമതി സ്നിഗ്ധ എസ്	ഡെപ്യൂട്ടി ഡയറക്ടർ	24-07-2023	05-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
24-07-2023	05-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. മഹേഷ്കുമാർ കെ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. കുട്ടപ്പൻ കെ എ	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ. സേതു ആർ	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പ്രമോജ്കുമാർ കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	24-10-2022
ശ്രീ. അനീഷ്കുമാർ വി എൻ	അസിസ്റ്റന്റ് സെക്രട്ടറി	25-10-2022	28-12-2022
ശ്രീ. സെബാസ്റ്റ്യൻ ബി മോരിസ്	അസിസ്റ്റന്റ് സെക്രട്ടറി	29-12-2022	31-03-2023
ശ്രീ. മുരളി എ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	21-09-2022
ശ്രീ. അഭിലാഷ് ബി	അസിസ്റ്റന്റ് എഞ്ചിനീയർ	22-09-2022	31-03-2023
ഡോ. അബിയ കുര്യൻ	മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം	01-04-2022	15-08-2022
ഡോ. പാർവ്വതി പി	മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം	16-08-2022	14-12-2022
ഡോ. അബിയ കുര്യൻ	മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം	15-12-2022	01-03-2023
ഡോ. പാർവ്വതി പി	മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം	02-03-2023	31-03-2023
ഡോ. ബിജി വിജയൻ	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി ദീപിക എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീമതി അഞ്ജന മോഹൻ	ഡെയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
ശ്രീമതി ശാന്ത ആർ	പ്രഥമാദ്ധ്യാപിക, ജി.ഡബ്ല്യൂ.എൽ.പി.എസ്	01-04-2022	31-03-2023
ശ്രീ. അജീഷ് എച്ച്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1	01-04-2022	28-07-2022
ശ്രീ. ഗണേഷ് എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1	29-07-2022	27-12-2022

ശ്രീമതി ശാരിക സി ജി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1	28-12-2022	26-01-2023
ശ്രീമതി രമ്യ കെ ബി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1	27-01-2023	31-03-2023
ശ്രീ. അജീഷ് എച്ച്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2	01-04-2022	25-04-2022
ശ്രീ. സന്ദീപ് വർമ്മ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2	26-04-2022	02-12-2022
ശ്രീ. ഗണേഷ് എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2	03-12-2022	26-12-2022
ശ്രീമതി അഞ്ജു എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2	27-12-2022	26-01-2023
ശ്രീമതി അജ്മി എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2	27-01-2023	31-03-2023
ഡോ. ലക്ഷ്മി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	25-04-2022
ഡോ. സംഗീത	മെഡിക്കൽ ഓഫീസർ (ഹോമിയോ)	26-04-2022	27-04-2022
ഡോ. തങ്ക	മെഡിക്കൽ ഓഫീസർ (ഹോമിയോ)	28-04-2022	11-02-2023
ഡോ. സംഗീത	മെഡിക്കൽ ഓഫീസർ (ഹോമിയോ)	12-02-2023	31-03-2023
ശ്രീ. ഷിബിൻ ഷാജ്	കൃഷി ഓഫീസർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	ബഡ്ജറ്റ്	1-2
6	സാമ്പത്തിക വിശകലനം	1-3
7	ഗ്രാന്റ് വിനിയോഗം	1-4
8	പദ്ധതി അവലോകനം	1-5
9	തൊഴിലുറപ്പ് പദ്ധതി	1-6
10	ക്ഷേമ പദ്ധതികൾ	1-7
11	ക്യാഷ് ബാലൻസ് പരിശോധന	1-8
12	ആഭ്യന്തരനിയന്ത്രണം	1-9
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
14	ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച അവലോകനം.	1-11
15	ഗ്രാമപ്പഞ്ചായത്തിലെ മറ്റു വരവിനങ്ങൾ സംബന്ധിച്ച അവലോകനം	1-12
16	2.06 ലക്ഷം രൂപയുടെ ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടില്ല	1-13
17	തൊഴിൽ നികുതി ഈടാക്കി ഒടുക്കിയില്ല	1-14
18	പഞ്ചായത്തിൽ അംഗീകൃത അറവുശാലകൾ സ്ഥാപിച്ചില്ല	1-15
19	റേഷൻ റീട്ടെയിൽ ഷോപ്പുകൾ, അക്ഷയ കേന്ദ്രം എന്നീവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-16
20	വാടക കുടിശിക ഒടുക്കു വരുത്തിയില്ല	1-17
21	സുഫലം -കിഴങ്ങ് കൃഷി വികസനം എന്ന പദ്ധതിയിൽ വ്യാപക ക്രമക്കേടുകൾ	1-18
22	ഫലവൃക്ഷത്തൈ വിതരണം - യൂണിറ്റ് കോസ്റ്റിലും അധികം സബ്സിഡി നൽകി	1-19
23	പാർശ്വഭിത്തി നിർമ്മാണത്തിൽ ബോണ്ട് സ്റ്റോൺ സ്ഥാപിക്കാതിരുന്നിട്ടും ഉയർന്ന നിരക്കു നൽകി.	1-20
24	ഗർഭിണി കിടാരി വിതരണം (വനിത, എസ്.സി.പി) പദ്ധതി നടത്തിപ്പിലെ	1-21

	അപാകതകൾ	
25	അടുക്കള മുറ്റത്തെ കോഴി വളർത്തൽ, കൂടില്ലാതെ (വനിത) പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-22
26	ക്രിമറ്റോറിയം പദ്ധതി പൂർത്തീകരിച്ചിട്ടില്ല	1-23
27	ലൈഫ് ഭവന പദ്ധതി- തുക കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-24
28	വീട് പുനരുദ്ധാരണം പദ്ധതി - തുക കൈപ്പറ്റിയവർ പണി പൂർത്തീകരിച്ചില്ല	1-25
29	ലക്ഷക്കണക്കിനു രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കാനവശേഷിക്കുന്നു.	1-26
30	മരുന്ന് വാങ്ങൽ പദ്ധതി- തുക മുൻകൂർ നൽകിയെങ്കിലും ഹോംകോ മരുന്ന് ലഭ്യമാക്കിയില്ല	1-27
31	പദ്ധതികൾ നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി	1-28
32	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതികൾ നടപ്പിലാക്കിയില്ല-ഫണ്ട് ലാപ്സായി.	1-29
33	പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിട്ട്സുകൾ അംഗീകരിക്കാൻ അകാരണമായ കാലതാമസം	1-30
34	സി.എഫ്.എൽ.റ്റി.സി പ്രവർത്തനത്തിന് അനുവദിച്ച തുകയുടെ തിരിച്ചടവിൽ ഇരട്ടിപ്പ്	1-31
35	വായ്പ തിരിച്ചടവ് അനുവദിച്ച വായ്പയിലും അധികം	1-32
36	വെള്ളക്കരം കുടിശ്ശിക അനിയന്ത്രിതമായി പെരുകുന്നു	1-33
37	പേരുവാലി കുടിവെള്ള പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്	1-34
38	തേനരുവി വെള്ളച്ചാട്ടം ടൂറിസം പദ്ധതി - പ്രവൃത്തി ത്വരിതപ്പെടുത്തേണ്ടത് അനിവാര്യം	1-35
39	സമഗ്ര ശിക്ഷ കേരളം - പഞ്ചായത്ത് സക്രിയമായി ഇടപെടുന്നില്ല	1-36
40	പ്രഭാതഭക്ഷണ പരിപാടി എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്	1-37
41	അതിദാരിദ്ര്യ മൈക്രോപ്ലാൻ പൂർണ്ണമായി നടപ്പിലാക്കിയില്ല	1-38
42	വാതിൽപ്പടി സേവനം നടപ്പാക്കുന്നതിൽ വീഴ്ച	1-39
43	നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല	1-40
44	അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല	1-41
45	വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം - പ്രോജക്ട് നടപ്പായില്ല	1-42
46	പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തുന്നില്ല	1-43
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		

1	സുഫലം -കിഴങ്ങ് കൃഷി വികസനം എന്ന പദ്ധതിയിൽ വ്യാപക ക്രമക്കേടുകൾ	3-1
2	ഫലവൃക്ഷത്തൈ വിതരണം - യൂണിറ്റ് കോസ്റ്റിലും അധികം സബ്സിഡി നൽകി	3-2
3	പാർശ്വഭിത്തി നിർമ്മാണത്തിൽ ബോണ്ട് സ്റ്റോൺ സ്ഥാപിക്കാതിരുന്നിട്ടും ഉയർന്ന നിരക്ക നൽകി.	3-3
ഭാഗം **4**		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-7
8	ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 3.7.2023 ലെ 4(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 4.7.2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

16.09.2023 , ഡെപ്യൂട്ടി ഡയറക്ടർ,

പത്തനംതിട്ട. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ കാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബഡ്ജറ്റ്

710436/- രൂപ മുന്നിരിപ്പും 226207100/- രൂപ വരവും 225834100/- രൂപ ചെലവും 1083436/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 22.3.2022-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.2.2023-ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

	രസീത് &പേയ്മെന്റ് അക്കൗണ്ട്	ഇൻകം& എക്സ്പെൻഡിച്ചർ അക്കൗണ്ട്
മുന്നിരിപ്പ്	13317382	
വരവ്	46055632	166207222
ആകെ	59373014	166207222
ചെലവ്	50074681	158669686
നീക്കിയിരിപ്പ്	9298333	

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	*മുന്നിരിപ്പ്*	*വരവ്*	*ആകെ*	*ചെലവ്*	*നീക്കിയിരിപ്പ്/ ലാപ്സായ തുക*
വികസന ഫണ്ട് (ജനറൽ)	0	44977000	44977000	37721321	7255679
വികസന ഫണ്ട് (എസ്.സി.പി)	0	3658000	3658000	3461822	196178
വികസന ഫണ്ട് (റ്റി.എസ്.പി)	0	268500	268500	130849	137651
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	4282006	14491156	18773162	12456421	401270 (ലാപ്സായ തുക) + 5915471
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)	3230053	10842882	14072935	12823152	90290 (ലാപ്സായ തുക) + 1159493
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	9140000	9140000	7146346	1993654
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	10274000	10274000	5369327	4904673
സംസ്ഥാനാവിഷ്കൃത ഫണ്ട്					
ശുചിത്വ മിഷൻ	620761	0	620761	0	620761
കേന്ദ്രാവിഷ്കൃത ഫണ്ട്					
ഐ.സി.ഡി.എസ്	1804906	705026	2509932	454360	2055572
സർവ്വ ശിക്ഷ അഭിയാൻ	192915	428	193343	--	193343

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 689200/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 479698/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 576958/- രൂപ വികസന ഫണ്ട്

(എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 41849/- രൂപ വികസന ഫണ്ട് (റ്റി.എസ്.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	ചെലവ് ശതമാനം
289	149023007	210	81712666	79	54.83

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

നിർവ്വഹണ ഉദ്യോഗസ്ഥൻ	*ആവിഷ്കരിച്ച പ്രോജക്ടുകൾ*	*നടപ്പിലാക്കിയ പ്രോജക്ടുകൾ*	*അടങ്കൽ തുക*	*ചെലവഴിച്ച തുക*
സെക്രട്ടറി	40	35	17636793	15030129
അസിസ്റ്റന്റ് സെക്രട്ടറി	9	9	3711010	2009774
അസിസ്റ്റന്റ് എഞ്ചിനീയർ	174	115	58279445	34212218
കൃഷി ഓഫീസർ	7	6	10312775	5008675
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1&2	25	16	43109195	12433830
ഐ.സി.ഡി.എസ് സൂപ്പർവൈസർ	10	10	4543170	3563040
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	9	7	2532305	1744342
മെഡിക്കൽ ഓഫീസർ, ഹോമിയോ	2	2	1200000	1200000
പ്രഥമദ്ധ്യാപിക, ജി.ഡബ്ല്യ.എൽ.പി.എസ്	7	6	2888314	2788284
വെറ്ററിനറി സർജൻ	5	3	3810000	2773800
ഡെയറി ഫാം ഇൻസ്ട്രക്ടർ	1	1	1000000	948574
ആകെ	289	210	149023007	81712666

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	776	643751	644527	643507	1020
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	46762507	46762507	46762507	0
ആകെ	776	47406258	47407034	47406014	1020

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

പെൻഷൻ ഇനം	*ഗുണഭോക്താക്കളുടെ എണ്ണം*	*ചെലവ്*
കർഷക തൊഴിലാളി പെൻഷൻ	400	4651600
മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള	203	2279800

പെൻഷൻ		
വിധവാ പെൻഷൻ	646	7098400
വാർദ്ധക്യകാല പെൻഷൻ	1631	17800200
അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	7	89600
തൊഴിൽ രഹിത വേതനം	4	2880

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.8.2023ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3272/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ ജനപങ്കാളിത്തം കുറവാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭകളിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണത്തിൽ പ്രതിഫലിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗങ്ങളിൽ എല്ലാ വാങ്ങലുകൾ സംബന്ധിച്ചുള്ള തീരുമാനങ്ങൾ എടുത്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസത്തിലെ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക എന്നത് മാത്രമാണ് ചെയ്യുന്നത്. താരതമ്യേന തനത് വരുമാനം കുറവുള്ള പഞ്ചായത്തിൽ പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുന്നതിനോ, ചെലവ് നിയന്ത്രണം ഏർപ്പെടുത്തി പഞ്ചായത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	*ഓഡിറ്റ് നടത്തിയ തീയതി*	*ഓഡിറ്റ് കാലയളവ്*	*റിപ്പോർട്ട് ലഭിച്ച തീയതി*
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	18.1.2018 മുതൽ 30.1.2018 വരെ	2012-13 മുതൽ 2016-17 വരെ	9.3.2018
പെർഫോമൻസ് ഓഡിറ്റ്	3/2022	3/2022	6/2022

1-11 ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച അവലോകനം.

A) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല .

01.04.2023 മുതൽ പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ (കൈ) നം. 77/2023/ത.സ്വ.ഭ.വ; 22.03.2023 പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. സ.ഉ 25/2023/തസ്വഭവ ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തു നികുതി നിരക്കുകൾ 10-07-2023

തീയതിയിൽ ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും ആയത് 29.07.2023 തീയതിയിലെ ജനറൽ കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

B) വസ്തു നികുതിയിൽ 10.15 ലക്ഷം രൂപ കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും 10.15 ലക്ഷം രൂപ കുടിശ്ശികയായിട്ടുള്ളതായി കണ്ടു. ഇതിൽ 4.88 ലക്ഷം, 2.04 ലക്ഷം, 2.80 ലക്ഷം എന്നിവ യഥാക്രമം വാർഡ്-2, വാർഡ്-8, വാർഡ്-12 എന്നിവിടങ്ങളിലെ കുടിശ്ശികയാണ്. ആകെ ഡിമാന്റ് തുകയായ 33.05 ലക്ഷം രൂപയിൽ 22.89 ലക്ഷം രൂപ പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. അതായത് ആകെ ഡിമാന്റ് തുകയുടെ 69.27% തുകയും പിരിച്ചെടുത്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള DCB വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ ഡിമാന്റ്			കളക്ഷൻ			ബാലൻസ്		
മുൻ വർഷം	തൻ വർഷം	ആകെ	മുൻ വർഷം	തൻ വർഷം	ആകെ	മുൻ വർഷം	തൻ വർഷം	ആകെ
1126297	2179285	3305582	375992	1913866	2289858	750305	265419	1015724

C) അനധികൃത നിർമ്മാണങ്ങളുടെ നികുതി ഈടാക്കുന്നില്ല .

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് U.A എന്നു രേഖപ്പെടുത്തി കെട്ടിട നമ്പർ നൽകേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷം രേഖപ്പെടുത്തേണ്ടതുമാണ്.

ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ , അത് വകുപ്പ് 233,ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ UA നമ്പർ നൽകി വസ്തു നികുതി ഈടാക്കുന്ന 85 കെട്ടിടങ്ങൾ ഉള്ളതായി ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 31.01.2023 ലെ 1ാം നമ്പർ തീരുമാന പ്രകാരം UA നമ്പർ നൽകിയ അൻപതോളം കെട്ടിടങ്ങളുടെ നികുതി കുടിശ്ശികയുണ്ട് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 41 പാർപ്പിടങ്ങൾ, 3 ഓഡിറ്റോറിയങ്ങൾ. 3 ഷോപ്പ്, 3 മറ്റു കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്നു. പാർപ്പിടങ്ങളിൽ നിന്നും 40490 രൂപയും മറ്റു കെട്ടിടങ്ങളിൽ നിന്ന് 988086 രൂപയും ഈടാക്കാനുണ്ട് എന്നും അറിയിച്ചിരുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വരുമാനത്തിനാവശ്യമായ തുടർ നിയമനടപടികൾ സ്വീകരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

D) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല   .

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 നു മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു വിവരങ്ങളും ലഭ്യമാക്കിയിരുന്നില്ല. ഇക്കാരണത്താൽ അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനു സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ല എന്നു ഓഡിറ്റു വിലയിരുത്തുന്നു.

1-12 ഗ്രാമപ്പഞ്ചായത്തിലെ മറ്റു വരവിനങ്ങൾ സംബന്ധിച്ച അവലോകനം

1. തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ) അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപ്പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/ കോളേജുകൾ തുടങ്ങി തൊഴിൽ നികുതിയൊടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. നികുതി പത്രികയിലെ രേഖപ്പെടുത്തലുകളിലെ വരുമാനം, ജീവനക്കാരുടെ എണ്ണം, ആധികാരികത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. വാർഷിക ധനകാര്യ പത്രികയിലേയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. തൊഴിൽ നികുതി ചട്ടങ്ങളിലെ വ്യവസ്ഥകൾ പഞ്ചായത്ത് പാലിക്കുന്നുണ്ട്.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 നം. (സി.എസ്) എ9-764/2019 സർക്കുലർ, ജി. ഒ(പി) 143/2008 /ത.സ്വ.ഭ.വ/ തീ. 27.05.2008 സർക്കാർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. തൊഴിലുടമ ലഭ്യമാക്കിയ വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ട്. നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണമല്ലാത്തവ, അപാകതകളുള്ളവ നിരസിച്ചിട്ടുണ്ട്. ആയത് വ്യക്തത വരുത്തി നികുതിയൊടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ലൈസൻസ്

ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പൊരുത്തപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ഡാറ്റാ ബേസിൽ സഞ്ചയ സോഫ്റ്റ് വെയർ, ലൈസൻസ് ഫീസ് വിവരങ്ങൾ പാരാമെഡിക്കൽ, ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ, അംഗീകൃത കരാറുകാരുടെ വിവരങ്ങൾ എന്നിവ ഉൾപ്പടുത്തിയിട്ടുണ്ട്.

3. വിനോദ നികുതി

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി വി നെറ്റ് വർക്ക്, പ്രദർശന വിപണന മേളകൾ, സിപ്പ് ലൈൻ (റോപ്പ് വേ) ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യതകൾ പഞ്ചായത്തിൽ നിലവിൽ ഇല്ല.

4. ലേലം

ആസ്തി രജിസ്റ്ററും ലേല രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുത്തി പഞ്ചായത്തിലെ കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ തുടങ്ങിയവ പൂർണ്ണമായും യഥാസമയം ലേലം ചെയ്യുന്നുണ്ട്. കാലഹരണപ്പെട്ട ആസ്തികൾ, ഇ - വേയ്സ്റ്റുകൾ, യന്ത്രസാമഗ്രികൾ തുടങ്ങിയവ യഥാസമയം ലേലം ചെയ്യുന്നുണ്ട്.

5. വാടക

പഞ്ചായത്തിന് സ്വന്തമായി ആംബുലൻസ്, കാർഷിക യന്ത്രങ്ങൾ തുടങ്ങിയവയില്ല. നിഷ്ക്രിയ ആസ്തികളിൽ നിന്നും വാടക പോലുള്ള വരുമാനങ്ങൾ നേടിയെടുക്കാനുള്ള സാദ്ധ്യതകൾ പഞ്ചായത്തിൽ നിലവിൽ ഇല്ല.

1-13 2.06 ലക്ഷം രൂപയുടെ ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടില്ല

2021-22 മുതൽ 2022-23 വരെ കാലയളവിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത 2.06 ലക്ഷം രൂപ നാളിതുവരെ ലഭിച്ചിട്ടില്ല.

ക്രമ നം	വർഷം	ഇ-ടെണ്ടർ ഫീ
1	2021-22	23948
2	2022-23	182180
	ആകെ	206128

10/2017 ലെ ജി.ഓ(എം.എസ്) 3186/ 2017/LSGD പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേക അക്കൗണ്ട് ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശത്തെത്തുടർന്ന് ചിറ്റാർ SBI യിൽ 37987558753 എന്ന ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിരുന്നു. എന്നാൽ ഈ അക്കൗണ്ട് ഇ-ടെണ്ടറിനായി മാപ്പ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ

ഓഫീസിൽ നിന്നും തുറന്ന പരിശോധിച്ച എല്ലാ ടെണ്ടറുകളുടേയും AOC (Award Of Contract) നൽകുന്ന അവസരത്തിൽ മാത്രമേ മാപ്പ് ചെയ്യാൻ സാധിക്കുകയുള്ളു എന്ന IT മിഷനിൽ നിന്നും അറിയിച്ചിരുന്നു. എന്നാൽ ടെണ്ടർ എക്സസ്സ് പോലുള്ള നടപടികൾ കാരണം ഇതിനു കാലതാമസമെടുക്കുന്നുണ്ട്. ലൈവ് ടെണ്ടർ ഇല്ലാതിരിക്കുന്ന അവസരം ലഭിച്ചെങ്കിലേ മാപ്പിംഗ് നടക്കു എന്ന സാങ്കേതിക പ്രശ്നം ഉള്ളതിനാൽ ഇ-ടെണ്ടർ ഫീ നിലവിലും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് പോകുന്നത്. ഇത്തരത്തിലുള്ള സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിനു തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി ഈടാക്കി ഒടുക്കിയില്ല

1. ഗ്രാമപ്പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന താഴെപ്പറയുന്ന കരാറുകാർ ഓഡിറ്റ് വർഷം രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല.

1	പ്രമോദ് റ്റി.പി, തൈക്കൂട്ടത്തിൽ, തണ്ണിത്തോട്
2	അനിൽകുമാർ ജി, ചീക്കനാൽ പുത്തൻവീട്, മങ്ങാരം, കോന്നി
3	രാജേഷ് പി, മോഹനവിലാസം, തണ്ണിത്തോട്
4	ബെന്നി പി.വൈ, പുതുപ്പള്ളിപ്പടവിൽ, തണ്ണിത്തോട്
5	ബൈജു പി.കെ, പ്ലാവിലക്കണ്ടത്തിൽ, തണ്ണിത്തോട്
6	ജിൻസൺ മത്തായി, ചക്കിട്ടയിൽ, തണ്ണിത്തോട്
7	സുഗുണൻ പി.ജെ, പുത്തൻപുരക്കൽ, തണ്ണിത്തോട്
8	സജി കുമാർ പി.എസ്, പുത്തൻവീട്ടിൽ, തണ്ണിത്തോട്
9	രാജേന്ദ്രൻ കെ.എൻ, കണ്ടത്തും കരോട്ട്, എലിമുള്ളുംപ്ലാക്കൽ
10	സൈമൺ എം, സ്വാമിത്തറവിളയിൽ, തണ്ണിത്തോട്

മേൽ പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ അല്ലാത്തപക്ഷം ഗ്രാമപ്പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും (ARD No. 113, 114, 115, 116, 117, 118, 120) രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ഒടുക്കു വരുത്തിയിട്ടില്ല.

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രത്തിലെ (തണ്ണിത്തോട്) ജീവനക്കാർ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല.
ടി വിവരങ്ങൾ സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 09/29-0723) ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 പഞ്ചായത്തിൽ അംഗീകൃത അറവുശാലകൾ സ്ഥാപിച്ചില്ല

17.09.2009-ലെ 1173/ഡി.ബി.എസ്./09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനികവും ശാസ്ത്രീയവുമായ അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളുവെന്ന് നീതിപീഠം ഉത്തരവായിട്ടുണ്ട്. എന്നാൽ

പഞ്ചായത്തിൽ നാളിതുവരെ അറവ് ശാല നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മതിയായ സാധ്യതാ പഠനം നടത്തി ഒന്നിലധികം ഗ്രാമപഞ്ചായത്തുകളോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി സജീവ പരിഗണന നൽകേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം. 12/31-07-23) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതി ഈ വിഷയത്തിൽ അടിയന്തിര ഇടപെടൽ നടത്തേണ്ടതും, അനിവാര്യ ചുമതലകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-16 റേഷൻ റീട്ടെയിൽ ഷോപ്പുകൾ, അക്ഷയ കേന്ദ്രം എന്നീവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച ജില്ലാതല റിപ്പോർട്ട് പ്രകാരം തണ്ണിത്തോട് ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 9 റേഷൻ റീട്ടെയിൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന്റെ 1-ാം പട്ടികയിലെ ക്രമ നം.149 പ്രകാരം റേഷൻ റീട്ടെയിൽ ഡിപ്പോകളും ക്രമ നം.150 പ്രകാരം മണ്ണെണ്ണ വില്പന ശാലകളും ഗ്രാമപ്പഞ്ചായത്തിൽനിന്ന് ലൈസൻസ് എടുക്കേണ്ടതാണ്.

2022-23 സാമ്പത്തികവർഷത്തെ ലൈസൻസ് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ രണ്ട് റേഷൻ റീട്ടെയിൽ ഷോപ്പുകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മറ്റ് സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ടി റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുക്കാതിരുന്നതിന്റെ കാരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 10/29.07.23) നൽകിയതിന് ഏഴ് സ്ഥാപനങ്ങൾക്ക് ലൈസൻസ് അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് ഫീ, തൊഴിൽ നികുതി, എന്നിവ അടക്കാത്തതിനാൽ ടിയാളുകളുടെ അംഗീകാരം റദ്ദ് ചെയ്യണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുക്കുകയും ആയത് താലൂക്ക് സപ്ളൈ ഓഫീസറെ അറിയിച്ചതിന് പഞ്ചായത്തിലെ എല്ലാ റേഷൻ റീട്ടെയിൽ ഷോപ്പുകളുടേയും ലൈസൻസ് ഒന്നിച്ച് റദ്ദാക്കിയാൽ പഞ്ചായത്തിലെ റേഷൻ വിതരണത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് പത്തനംതിട്ട ജില്ലാ സപ്ളൈ ഓഫീസർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ജില്ലാ സപ്ളൈ ഓഫീസിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും താലൂക്ക് സപ്ളൈ ഓഫീസർ അറിയിച്ചതായി സെക്രട്ടറി മറുപടി സമർപ്പിച്ചിട്ടുണ്ട്.

1-17 വാടക കുടിശിക ഒടുക്കു വരുത്തിയില്ല

ഗ്രാമപ്പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിലും, സ്ഥലത്തും പ്രവർത്തിക്കുന്ന തേക്കുതോട് സ്വാശ്രയ കർഷക സമിതിയിൽ നിന്നും 2022-23 വർഷം കെട്ടിട വാടക ഇനത്തിൽ 2360 രൂപയും ആയതിന്റെ പലിശയും, പ്രതിമാസ തറ വാടക ഇനത്തിൽ 7080 രൂപയും ആയതിന്റെ പലിശയും ഈടാക്കുവാൻ അവശേഷിക്കുന്നു. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 05/29-07-23) കുടിശ്ശിക തുക അടവാക്കുന്നതിന് 24-03-23, 02-05-23, 24-07-23 തീയതികളിൽ കത്ത് നൽകിയെങ്കിലും നാളിതുവരെയായി തുക ഒടുക്കു വരുത്തിട്ടില്ലെന്നും അടിയന്തിരമായി ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 സുഫലം -കിഴങ്ങ് കൃഷി വികസനം എന്ന പദ്ധതിയിൽ വ്യാപക ക്രമക്കേടുകൾ

സുഫലം -കിഴങ്ങ് കൃഷി വികസനം എന്ന പദ്ധതി പ്രകാരം 2500 രൂപയുടെ 800 കിറ്റ് വിതരണം നടത്തുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ 13 വാർഡുകളിലായി 1400 വ്യക്തികൾ ഉൾപ്പെട്ടിരുന്നു, ഈ 1400 പേർക്കും കിഴങ്ങ് വിളകളുടെ കിറ്റ് നൽകിയതായി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടു. താഴെ പറയുന്ന 4 ഇൻവോയിസുകൾ വഴി 1428 രൂപയുടെ 1400 കിറ്റുകൾ ആണ് ഗുണഭോക്താക്കൾക്ക് നൽകിയത്. ഇപ്രകാരം എല്ലാ കിറ്റിലും ഒരേ അളവിൽ കിഴങ്ങു വിളകൾ വിതരണം നടത്തിയതിന് 19.99 ലക്ഷം രൂപ കെയ്കോ എന്ന ഏജൻസിയ്ക്ക് കൃഷി ഓഫീസർ കൈമാറിയിരുന്നു. എന്നാൽ കിഴങ്ങു വിളകളുടെ തൂക്കത്തിലും ഗുണനിലവാരത്തിലും വലിയ കുറവുണ്ടായതായും ഗുരുതരമായ ക്രമക്കേട് നടന്നതായും ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ കണ്ടു.

പ്രൊജക്റ്റ് നമ്പർ / പേര്	169/2022-23, സുഫലം -കിഴങ്ങ് കൃഷി വികസനം.
ഫണ്ട് വകയിരുത്തിയത്	വികസന ഫണ്ട് - 2000000

തുക ചെലവഴിച്ചത്	₹499800 (ബിൽ നം. 210/28.01.2023) ₹499800 (ബിൽ നം. 211/28.01.2023) ₹499800 (ബിൽ നം. 212/28.01.2023) ₹499800 (ബിൽ നം. 213/28.01.2023) ആകെ - ₹19,99,200
കരാറുകാരൻ/ ഏജൻസി	കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തിരുവല്ല.

ഇൻവോയിസുകൾ പ്രകാരം ഒരു കിറ്റിൽ ഉൾപ്പെടുത്തിയ കിഴങ്ങ് വിളകളുടെ വിലയും അളവും ചുവടെ ചേർക്കുന്നു.

ക്രമ നം	ഒരു കിറ്റിലുള്ള കിഴങ്ങ് വിളകളുടെ അളവും വിലയും	ഇൻവോയിസ് നമ്പർ/തീയതി	ആകെ വിതരണം നടത്തിയ കിറ്റുകൾ	KAICO യ്ക്ക് നൽകിയ തുക
1	ചേന – 10 Kg @ 45/Kg = 500 കാച്ചിൽ 6 Kg @ 50/Kg= 300 ചേമ്പ് 2 Kg @ 80/Kg = 160 ഇഞ്ചി 4 Kg @ 80/ Kg = 320 മഞ്ഞൾ 2.96 @ 50 /Kg = 148 ആകെ - ₹1428 / കിറ്റ്	V-689A/2022-23; 21.01.2023	350	350x₹1428 = ₹499800
2		V-690A/2022-23; 21.01.2023	350	350x₹1428 = ₹499800
3		V-691A/2022-23; 21.01.2023	350	350x₹1428 = ₹499800
4		V-692A/2022-23; 21.01.2023	350	350x₹1428 = ₹499800
	ആകെ		1400	₹19,99,200

പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട ഗുരുതരമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബില്ലുകൾ പ്രകാരം കിറ്റിൽ ഉണ്ടാകേണ്ട അളവിൽ കിഴങ്ങ് വിളകൾ കർഷകർക്കു നൽകിയില്ല .

ഗുണഭോക്താക്കളോട് ഓഡിറ്റ് ടീം ഫോൺ മുഖേന നടത്തിയ അന്വേഷണത്തിൽ, അവർക്ക് ലഭിച്ച കിറ്റിൽ ചേമ്പ് എന്ന ഇനം ഇല്ലായിരുന്നു എന്ന മൊഴി നൽകിയിട്ടുണ്ട്. വിതരണം നടത്തിയ കിറ്റിലുള്ള കിഴങ്ങ് വിളകൾക്ക് ഗുണനിലവാരം ഇല്ലായിരുന്നുവെന്നും ഗുണഭോക്താക്കൾ പരാതിപ്പെട്ടിട്ടുണ്ട്. കൃഷി ഇറക്കുന്നതിനു അനുയോജ്യമായ സമയത്തല്ല കിറ്റ് വിതരണം നടത്തിയിട്ടുള്ളത്. ഇൻവോയിസുകൾ ജനുവരി 2023 ൽ കെയ്കോ നൽകിയിരുന്നുവെങ്കിലും കിറ്റുകൾ നൽകിയത് ഏപ്രിൽ/മെയ് 2023 ലാണ് . ഇത് കാരണം ഇവ കൃഷി നടത്തുന്നതിന് പല കർഷകർക്കും കഴിഞ്ഞിട്ടുമില്ല. കിറ്റിൽ ഇല്ലാതിരുന്ന ഇനമായ ചേമ്പിന്റെ വില ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, ചേമ്പ് നൽകുന്നതിനായി ₹224000 ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കിറ്റുകളുടെ എണ്ണം	ഒരു കിറ്റിലെ ചേമ്പിന്റെ അളവും വിലയും	ആകെ ചേമ്പിനു നൽകിയ വില
1400	ചേമ്പ് 2 Kg @ 80/Kg = ₹160	1400X ₹160 = ₹224000

ഈ വിഷയത്തിൽ തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 10-05-2023 ലെ PRE/TND/01/2023 നമ്പർ കത്ത് മുഖേന പത്തനംതിട്ട കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് പരാതി നൽകിയിരുന്നു. ഈ പരാതി പ്രകാരം 05/2023 വരേയും രണ്ടു വാർഡുകളിൽ മാത്രമാണ് കിറ്റുകൾ വിതരണം നടത്തിയിട്ടുള്ളത് എന്നു അറിയിച്ചിരുന്നു. ഈ രണ്ടു വാർഡുകളിലും കിറ്റിൽ പറയുന്ന ഇനം വിളകൾ ഇല്ലായിരുന്നുവെന്നും ഗുണനിലവാരമില്ലാത്ത കിഴങ്ങു വിളകളാണ് കർഷകർക്കു നൽകിയതെന്നും പഞ്ചായത്ത് പ്രസിഡന്റ് പരാതിപ്പെട്ടിരുന്നു.

ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ നൽകിയ കിഴങ്ങുവിളകൾ പലതും ബിൽ പ്രകാരമുള്ള തൂക്കം ഇല്ലായിരുന്നുവെന്നും ഗുണനിലവാരം തീർത്തും ഇല്ലായിരുന്നുവെന്നും കർഷകർ അറിയിച്ചു. കാച്ചിൽ നടീൽയോഗ്യമല്ലായിരുന്നുവെന്നും, നൽകിയ ഇഞ്ചി, മഞ്ഞൾ എന്നിവ രണ്ടു കിലോ വരെ മാത്രമേ തൂക്കം വരികയുള്ളൂ എന്നും കർഷകർ ഓഡിറ്റിനെ അറിയിച്ചിരുന്നു.

ഗുരുതരമായ ഈ ക്രമക്കേടിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/01-08-2023) മറുപടിയായി ചേമ്പിനു ദൗർലഭ്യം നേരിട്ടുവെന്നും ബിൽ സമയത്തേക്കാൾ വില 30% വരെ ഉയർന്നു

എന്ന് കൃഷി ഓഫീസർ മറുപടി നൽകി. ചേമ്പിനു പകരം മറ്റു വിളകളിൽ കൂടുതൽ അളവ് നൽകാമെന്ന് പഞ്ചായത്ത് കമ്മിറ്റിയിൽ അറിയിച്ചതായും പഞ്ചായത്ത് കമ്മിറ്റിയുടെ സമ്മതം വാങ്ങിയതായും കൃഷി ഓഫീസർ അറിയിച്ചിരുന്നു. എന്നാൽ ഇത്തരമൊരു ചർച്ചയോ സമ്മതമോ നൽകിയ വിവരം പഞ്ചായത്ത് കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃഷി ഓഫീസർ നൽകിയ മറുപടി അംഗീകരിക്കാനാവില്ല. മാത്രമല്ല ബിൽ പ്രകാരമുള്ള ഇനം കിഴങ്ങു വിളകൾ നൽകാൻ KAICO ബാദ്ധ്യസ്ഥവുമാണ് .അതിനാൽ ചേമ്പ് നൽകുന്നതിനായി ചെലവഴിച്ച ₹224000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി വികസന ഫണ്ടിൽ തിരികെ അടയ്ക്കേണ്ടതാണ്.

2) വിതരണം നടത്തുന്നതിനു മുമ്പ് 19.99 ലക്ഷം രൂപ ഏജൻസിക്കു കൈമാറി.

ഇൻവോയിസുകൾ പ്രകാരമുള്ള 19.99 ലക്ഷം രൂപയും ജനുവരി 2023 ൽ തന്നെ കൃഷി ഓഫീസർ കെയ്കോ എന്ന ഏജൻസിയ്ക്കു കൈമാറി. എന്നാൽ ഏജൻസിക്ക് തുക ലഭിച്ചിട്ടും മെയ് മാസം വരേയും രണ്ടു വാർഡുകളിൽ മാത്രമാണ് കിറ്റുകൾ വിതരണം നടത്തിയത്. അതിനു ശേഷമാണ് മറ്റു വാർഡുകളിൽ കിറ്റുകൾ വിതരണം ചെയ്തതായി പറയപ്പെടുന്നത്. ഇപ്രകാരം സാധനം ലഭ്യമാക്കാതെ തുക അഡ്വാൻസ് ആയി കെയ്കോയ്ക്ക് നൽകുന്നതിനു വ്യവസ്ഥയില്ലാ എന്നിരിക്കെ അപ്രകാരം ചെയ്തതിനു ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടിരുന്നു. സർക്കാർ ഉത്തരവു പ്രകാരം KAICO യിൽ നിന്ന് ക്വട്ടേഷനോ ലേലമോ കൂടാതെ നടീൽ വസ്തുക്കൾ വാങ്ങാമെന്നുള്ള മറുപടിയാണ് കൃഷി ഓഫീസർ നൽകിയത്. എന്നാൽ സാധനങ്ങൾ വിതരണം നടത്താതെ ബിൽ തുക അഡ്വാൻസ് ആയി നൽകിയതിനു വിശദീകരണം നൽകിയിട്ടില്ല. പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ(കൈ) 115/2022/LSGD ; 28-05-2022) പൊതു നിബന്ധന 2 (2.11) പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ട ഇനങ്ങളിലൊഴികെ സബ്സിഡി അഡ്വാൻസ് ആയി നൽകാൻ പാടില്ല എന്നു നിഷ്കർശിച്ചിട്ടുണ്ട്.

3) ഗ്രാമപഞ്ചായത്ത് കമ്മിറ്റിയ്ക്ക് നൽകിയ ഉറപ്പ് ലംഘിക്കപ്പെട്ടു .

കിറ്റ് വിതരണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈ കൊണ്ടതായും സകർമ്മ വഴിയുള്ള മിനിട്സ് പരിശോധനയിൽ കണ്ടു.

ക്രമ നം	ഭരണ സമിതി യോഗ തീയതി, തീരുമാന നമ്പർ	തീരുമാനം	തീരുമാന വിവരണം
1	25-04-2023, 4	2022-23 വാർഷിക പദ്ധതിയിൽ കാർഷിക മേഖലയിൽ നിന്നുള്ള പ്രൊജക്ടുകളുടെ നടപടിക്രമങ്ങളുടെ റിപ്പോർട്ട് നൽകാൻ കൃഷി ഓഫീസറോടു ആവശ്യപ്പെടുന്നതിനു തീരുമാനിച്ചു.	2022-23 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ നിന്നുമുള്ള പ്രൊജക്ടുകളുടെ നടപടിക്രമങ്ങൾ പൂർണ്ണമായും സുതാര്യമല്ലാത്ത സാഹചര്യത്തിലും കിഴങ്ങു കൃഷി വിതരണവുമായി ബന്ധപ്പെട്ട പദ്ധതിയിൽ വിതരണം ചെയ്ത കിഴങ്ങ് വർഗ്ഗങ്ങൾക്ക് തൂക്കം കുറവായതുമായ സാഹചര്യത്തിൽ കാർഷിക വികസനപദ്ധതികളുടെ നിർവ്വഹണവുമായി നടപടിക്രമങ്ങളുടെ റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിയ്ക്കു നൽകുന്നതിന് കൃഷി ഓഫീസറോട് യോഗം നിർദ്ദേശിച്ചു തീരുമാനിച്ചു.
2	15.05.2023, 5	2022-23 സുഫലം കിഴങ്ങ് കൃഷി സംബന്ധിച്ച് കൃഷി ഓഫീസർ നൽകിയ വിശദീകരണത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് , കമ്മറ്റി നടന്ന് 10 ദിവസത്തിനകം ഗുണനിലവാരം ഉള്ള സാധനങ്ങൾ എത്തിക്കാമെന്നും അല്ലാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.	2022-23 വാർഷിക പദ്ധതിയിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ സുഫലം കിഴങ്ങ് കൃഷി വികസനം എന്ന പദ്ധതി പ്രകാരം വാർഡ് 1,2 എന്നിവിടങ്ങളിൽ നൽകിയ കിഴങ്ങ് വർഗ്ഗങ്ങളിൽ ചിലത് പദ്ധതിയിൽ ഉൾപ്പെടാത്തവയായിരുന്നു. മാത്രവുമല്ല പദ്ധതി പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന അളവും ഇല്ലാത്തതായിരുന്നു. ഇത് പദ്ധതി ഗുണഭോക്താക്കളും ജനപ്രതിനിധികളും തമ്മിലുള്ള അഭിപ്രായവ്യത്യാസത്തിനു കാരണമായി. ജനപ്രതിനിധികൾക്ക് ഒന്നടങ്കം നാണക്കേടുണ്ടാക്കുന്ന പദ്ധതിയായി മാറി.ഇത് സംബന്ധിച്ച് കൃഷി ഡെപ്യൂട്ടി ഡയറക്ടർക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാതി നൽകിയിട്ടുള്ളതാകുന്നു.

			15.05.2023 ൽ നടക്കുന്ന പഞ്ചായത്ത് കമ്മിറ്റിയിൽ കൃഷി ഓഫീസർ എത്തിച്ചേർന്ന് 1, 2 ഒഴികെ മറ്റെല്ലാ വാർഡുകളിലേക്കും ഗുണനിലവാരമുള്ള സാധനങ്ങൾ എത്തിക്കാമെന്ന് ജനപ്രതിനിധികൾക്ക് ഉറപ്പ് നൽകിയിട്ടുള്ളതാണ്.ഇത് ലംഘിക്കുന്ന പക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതിന് യോഗം ഐക്യകണ്ഠേന തീരുമാനിച്ചു.

എന്നാൽ 15.05.2023 ൽ കൃഷി ഓഫീസർ എന്ന നിലയിൽ ഗുണനിലവാരമുള്ളതും ബിൽ പ്രകാരമുള്ള തൂക്കമുള്ളതുമായ കിഴങ്ങു വിളകൾ 1,2 വാർഡുകൾ ഒഴികെ മറ്റെല്ലാ വാർഡുകളിലും നൽകാമെന്ന കൃഷി ഓഫീസറുടെ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല എന്ന് വാർഡ് മെമ്പർമ്മാരും കർഷകരും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ മെയ് മാസം തന്നെ എല്ലാ കിഴങ്ങുവിളകളും കൃത്യ അളവിൽ നൽകിയെന്നുള്ള മറുപടിയാണ് കൃഷി ഓഫീസർ നൽകിയത്. ഗുണനിലവാരമില്ല എന്നത് തികച്ചും അടിസ്ഥാന രഹിതമാണ് എന്നും കൃഷി ഓഫീസർ അറിയിച്ചു. പൊതു ജനങ്ങളുടേയും വാർഡ് ജന പ്രതിനിധികളുടേയും അഭിപ്രായങ്ങളെ ഖണ്ഡിക്കുന്ന മറുപടി കൃഷി ഓഫീസർ നൽകിയതിനാൽ ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അഭിപ്രായം ഓഡിറ്റ് അഭ്യർത്ഥിക്കുന്നു.

4) പദ്ധതി സംബന്ധിച്ച അപേക്ഷയോ വിതരണ വിവരങ്ങളോ കൃഷി ഓഫീസിലില്ല .

29.07.2023 കൃഷി ഓഫീസിൽ നടത്തിയ പരിശോധനയിൽ 1400 അപേക്ഷകൾക്കു പകരം 200 ൽ താഴെ അപേക്ഷകളെ നിലവിലെ ഉദ്യോഗസ്ഥർക്കു ഹാജരാക്കാൻ കഴിഞ്ഞുള്ളൂ. ഒരു രജിസ്റ്ററിൽ വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൽ പേരും ഒപ്പും കൃത്യമല്ല എന്നും കണ്ടു. വാർഡ് 1,2 എന്നിവിടങ്ങളിലെ വിതരണ രജിസ്റ്ററും ലഭ്യമല്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 1400 പേർക്കു തന്നെയാണോ കിറ്റുകൾ ലഭിച്ചതെന്നു ഉറപ്പാക്കാൻ ഓഡിറ്റിനു കഴിഞ്ഞിട്ടില്ല. വാർഡ്- 5 ലെ കല്ലുമ്പുറത്ത് ശ്രീമതി എൽസി രാജു (Sl.No.47) തനിക്ക് കിറ്റ് ലഭിച്ചിട്ടില്ലായെന്ന് ഓഡിറ്റിനെ രേഖാമൂലം അറിയിച്ചിട്ടുമുണ്ട്.

മേൽ അപാകതകൾക്കുള്ള മറുപടിയായി അപേക്ഷകൾ വാങ്ങേണ്ട എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും മറ്റ് അംഗങ്ങളും നിർദ്ദേശിച്ചതിനാലാണ് വാങ്ങാതിരുന്നത് എന്ന മറുപടി കൃഷി ഓഫീസർ നൽകി. കിറ്റുകൾ വാർഡ് അംഗങ്ങളെ ആണ് ഏൽപ്പിച്ചതെന്നും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കു മാത്രമേ നൽകാവൂ എന്ന് ബോദ്ധ്യപ്പെടുത്തിയിരുന്നതായും കൃഷി ഓഫീസർ അറിയിച്ചു. ഇക്കാരണങ്ങളാൽ യഥാർത്ഥ ഗുണഭോക്താക്കൾക്കാണോ കിറ്റുകൾ ലഭിച്ചതെന്നു ഈ റിപ്പോർട്ട് ലഭിച്ച ശേഷമുള്ള ഗ്രാമസഭയിൽ ചർച്ച ചെയ്ത് അംഗീകാരം ലഭ്യമാക്കേണ്ടതാണ്. ആയതിന്റെ മിനിട്സ് ബുക്കുകൾ ഓഡിറ്റ് പരിശോധന വിധേയമാക്കുന്നതാണ്.

മേൽ കാരണങ്ങളാൽ കിറ്റിൽ ഇല്ലാതിരുന്ന ചേമ്പിനു നൽകിയ തുകയായ ₹2,24,000 ഓഡിറ്റിൽ നിരാകരിക്കുന്നു . മറ്റ് കിഴങ്ങു വിളകൾ വിതരണം നടത്തിയതിലും മേൽ ക്രമക്കേടുകൾ നടന്നതിനാൽ ബാലൻസ് തുകയായ 17,75,200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . ഗുരുതരമായ ക്രമക്കേടിന്മേൽ വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ അതീവ ശ്രദ്ധ ഉണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഗുണനിലവാരം കുറഞ്ഞ, അളവിൽ കുറവായ കിഴങ്ങുവിളകളുടെ കിറ്റുകൾ നൽകിയതിന് കെയ്കോ എന്ന ഏജൻസിക്കെതിരെ അന്വേഷണം നടത്തണമെന്നും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-19 ഫലവൃക്ഷത്തൈ വിതരണം - യൂണിറ്റ് കോസ്റ്റിലും അധികം സബ്സിഡി നൽകി

സമ്പൂർണ്ണ ഫലവൃക്ഷത്തൈ വിതരണം പദ്ധതിയിൽ 2665 പ്ലാവ് കർഷകർക്കു നൽകുന്നതിനു 5.33 ലക്ഷം രൂപ കൃഷി ഓഫീസർ ചെലവഴിച്ചിരുന്നു. എന്നാൽ പത്തനംതിട്ട ജില്ലാ കളക്ടർ നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റിനേക്കാൾ ഉയർന്ന നിരക്കാണ് ഒരു പ്ലാവിന്റെ വിലയായി നൽകിയിട്ടുള്ളത്. അതിനാൽ ₹133250 രൂപ വികസനഫണ്ടിനു നഷ്ടമുണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ / പേര്	258/2022-23, സമ്പൂർണ്ണ ഫലവൃക്ഷത്തൈ വിതരണം - പ്ലാവ്
ഫണ്ട് വകയിരുത്തിയത്	വികസന ഫണ്ട് - 400000 ഗുണഭോക്തൃ വിഹിതം - 133250 ആകെ - 533250

തുക ചെലവഴിച്ചത്	₹399750 (ബിൽ നം. 413/23.03.2023) ₹133250 (ഡെപ്പോസിറ്റ് തീയതി -24-04-2024) ആകെ - ₹533250
കരാറുകാരൻ/ ഏജൻസി	കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തിരുവല്ല.

പദ്ധതി പ്രകാരം കെയ്കോ എന്ന സ്ഥാപനത്തിൽ നിന്നും 2665 എണ്ണം പ്ലാവ് വിതരണം നടത്തിയതിന് 533250 രൂപ നൽകിയിരുന്നു. ഒരു പ്ലാവിന് ഇൻവോയിസ് പ്രകാരം 200 രൂപയാണ് കെയ്കോ ഈടാക്കിയത് (ഇൻവോയിസ് നം. V-1911A/2022-23; 23.03.2023). എന്നാൽ പത്തനംതിട്ട ജില്ലാ കളക്ടർ 14-06-2022 ൽ ഉത്തരവാക്കിയ ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം (RO-1-601/2022/DPC/DPO/PTA) പ്ലാവ് (ഗ്രാഫ്റ്റ്) ന് 75 രൂപയും പ്ലാവ് (ലാർജ് പോട്ട്) ന് 150 രൂപയും മാത്രമാണ് വില നിർണ്ണയിച്ചിട്ടുള്ളത്. ആയതിനാൽ പോളിത്തീൻ കവറിൽ നൽകിയ പ്ലാവിന് 200 രൂപ വീതം അനുവദിച്ചത് അംഗീകരിക്കാനാവില്ല. അധികമായി ഇപ്രകാരം ₹133250 രൂപ വികസനഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട് . (2665x₹50). അപാകതയ്ക്ക് ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/01-08-2023) നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ മറുപടി നൽകിയിട്ടില്ല. അതിനാൽ അധികമായി നൽകിയ ₹133250 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു . തുക തിരികെ ഈടാക്കാൻ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 പാർശ്വഭിത്തി നിർമ്മാണത്തിൽ ബോണ്ട് സ്റ്റോൺ സ്ഥാപിക്കാതിരുന്നിട്ടും ഉയർന്ന നിരക്ക നൽകി.

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കിയ DR കല്ല് കെട്ടിന് DSR-2018 പ്രകാരമുള്ള , നിലവിൽ ഉപയോഗിക്കാൻ സാധ്യത തീരെക്കുറവായ നിരക്ക് (75.7.1) എസ്റ്റിമേറ്റുകളിൽ നൽകിയതായി കണ്ടു. Bond Stone ഉപയോഗിച്ചുള്ള DSR 75.7.1 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുമ്പോൾ നിരക്ക് ₹5988.21/m3 ആയി വർദ്ധിച്ചിട്ടുണ്ട്. ഈ നിരക്ക് വർദ്ധനയ്ക്കു കാരണം Bond Stone ന്റെ നിരക്കും ഇതു സ്ഥാപിക്കുന്നതിനായി നൽകേണ്ടി വരുന്ന ലേബർ ചാർജുമാണ്. ഇതേ സമയം ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയുള്ള DR കല്ല് കെട്ടിന് DSR Code 60.7.1 ഉപയോഗിക്കുമ്പോൾ ₹3535.21/m3 രൂപ മാത്രമാണ് ചെലവു വരിക. റാൻഡമായി ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഇപ്രകാരം ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയാണ് DR കെട്ട് നടത്തിയിട്ടുള്ളതെന്നു കണ്ടു. അതിനാൽ 75.7.1 എന്ന DSR നിരക്ക് (OD MORD) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ പ്രായോഗികമല്ലാത്ത നിരക്ക് ഉൾപ്പെടുത്തുന്നതു മൂലം ഗ്രാമപഞ്ചായത്തിനു ഗണ്യമായ നഷ്ടമുണ്ടാകുന്നുണ്ട്.

Bond Stone ന്റെ വില, ഇത് സ്ഥാപിക്കുന്നതിനുള്ള ലേബർ ചാർജ് (Mate, Mason, Mazdoor, Bhisti) എന്നിവ ഉയർന്ന നിരക്കിലാണ്. Bond Stone മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ ഇതിനായി നൽകുന്ന തുക അംഗീകരിക്കാനാവില്ല. ഇവ മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ സിമന്റ് ഉപയോഗിച്ച് 45x20x20 Cm അളവിൽ M-20 ഗ്രേഡിൽ മോൾഡ് ചെയ്ത് ചില ഭാഗങ്ങളിൽ ഉപയോഗിച്ചു വരുന്നുണ്ട്. ഇത് തയ്യാറാക്കുമ്പോൾ 21 ദിവസത്തെയെങ്കിലും ക്യൂറിംഗ് ആവശ്യമാണ്. ഇത്തരത്തിൽ നിർമ്മിക്കപ്പെട്ട ബോണ്ട് സ്റ്റോണുകളും ഉപയോഗിച്ചതായി കണ്ടില്ല.

ആയതിനാൽ ഈ രണ്ടു DSR നിരക്കുകൾ തമ്മിലുള്ള വ്യത്യാസം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു.

DR കല്ല് കെട്ടിനു DSR Code 60.7.1 ഉപയോഗിച്ചിരുന്നെങ്കിൽ നൽകേണ്ട (M3 ന്)	Through/Bond Stone DR കല്ല് കെട്ടിനു ഉപയോഗിച്ചതായുള്ള നിരക്ക് -75.7.1 (M3 ന്)	അധികമായി നൽകുന്ന തുക (M3 ന്) (₹)
₹3535.21	₹5988.21	5988.21-3535.21 = 2453

ഇപ്രകാരം എസ്റ്റിമേറ്റിലെ അപാകതകൾ മൂലം ഒരു ഘന അടിക്ക് ₹2453 രൂപ അധികമായി നൽകേണ്ടി വരുന്നുണ്ട്. അതിനാൽ ഉപയോഗത്തിലില്ലാത്ത Bond Stone ഉപയോഗിച്ചതായി കാണിച്ചിട്ടുള്ള എസ്റ്റിമേറ്റുകളിൽ വലിയ നിരക്കാണ് നൽകുന്നത്.

(മൂഴി ഇലവുങ്കൽ റോഡിൽ മൂഴിക്കൽപ്പടി സംരക്ഷണ ഭിത്തി.)

(സ്റ്റേഡിയം ബ്രിഡ്ജ് അപ്രോച്ച് റോഡ്)

DR കല്ല് കെട്ടിന് Bond Stone ഉപയോഗിച്ച എന്ന കണക്കാക്കി നൽകുന്ന ഉയർന്ന നിരക്കിന്റെ DSR സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

Code 75.7.1

DRY RUBBLE MASONRY _ Dry Rubble Masonry With Hard Stone, Including Through/Bond Stone In Foundation And Superstructure Including Packing To Compactness To Lines And Levels, Cost And Conveyance Of All Materials Labour Charges Etc. Complete As Per Approved Drawing And Relevant Technical Specifications.

Code	Dscription	Unit	Quantity	Rate	Amount
M-148	Stone For RR Masonry	Cum	1	1222.08	1222.08
M-361	Through Bond Stone (7 No's 0.24x0.24x0.39-0.16m3)	No	7	52.75	369.25
L-12	Mate	Day	0.12	617	74.04
L-11	Mason (Ist Class)	Day	1.2	738	885.60
L-29	Mazdoor (Unskilled)	Day	1.8	558	1004.40
L-21	Bhisti	Day	0.08	617	49.36
Total					3604.73
Add Overhead@10%					360.47
Total					3965.20
Add Contractors Profit @ 10%					396.52
Total					4361.72
Cost Index37.29%					1626.49
Total With Cost Index					5988.21/m3

DR കല്ല് കെട്ടിനു ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെ നൽകാവുന്ന DSR Code 60.7.1 നുള്ള സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

Code 60.7.1

DRY RUBBLE MASONRY _ Dry Rubble Without Concrete Levelling Course Masonry With Good Quality Blasted Rubble

Including Packing To Compactness To Lines And Levels Cost And Conveyance Of All Materials Labour Charges Etc. Complete As Per Direction Of Departmental Officers At Site.

Code	Dscription	Unit	Quantity	Rate	Amount
1157	Stone For Masonry Work	Cum	1.05	1100	1155
2215	Carriage Of Soiling Stone And Masonry Stone	Cum	1.05	122.08	128.18
0125	Mason (Second Class)	Day	0.8	679	543.20
0114	Beldar	Day	0.7	558	390.60
Total					2216.98
Add Water Charges @ 1%					22.17
Total					2239.15
Add Contractors Profit, Overhead Charge @ 15%					335.87
Total					2575
Cost Index 37.29%					960.21
Total With Cost Index					3535.21/m3

DR കല്ല് കെട്ടിന് DSR (75.7.1) Through/Bond Stone എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രൊജക്ട് നം/പേര്	ഫണ്ട്, ബിൽ തുക, ബിൽ നമ്പർ /തീയതി	DSR 2018 -75.7.1 (Through/Bond Stone) പ്രകാരം എസ്റ്റിമേറ്റിൽ നൽകിയ നിരക്ക് (M3x5988.21) (A)	DSR 2018 (60.7.1) പ്രകാരം നൽകാവുന്ന നിരക്ക് (M3 X3535.21) (B)	എം ബുക്ക് പ്രകാരം നൽകിയ തുക കണക്കാക്കിയുള്ള നഷ്ടം (ക്വോട്ട് ചെയ്ത നിരക്ക് - B)
1	SO 259/2023, മൂഴി ഇലവുങ്കൽ റോഡിൽ മൂഴിക്കൽപ്പടി സംരക്ഷണ ഭിത്തി.	മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 393000 ₹389581 (ബിൽ നം. 16/03/2023)	51.675x5988.21 = 309440	51.675x3535.21 = 182682	309449 -182682 = 126767 (51.675 M3 X5988.21 = 309449)
2	1/2022-23, സ്റ്റേഡിയം ബ്രിഡ്ജ് അപ്രോച്ച് റോഡ്	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹488204 (ബിൽ നം.)	61.656x5988.21 = 369209	61.656x3535.21 = 217967	369209- 217967 = 151242 (61.656 M3x 5988.21 = 369209)
3	SO 206/23 കെ കെ പാറ പാറക്കുളം റോഡിൽ കാപ്പിൽപ്പടി റോഡിൽ ഡി ആർ കെട്ട്	മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹689178 (ബിൽ നം.)	76.75x5988.21 =459595	76.75x3535.21 = 271327	459595-271327 = 188268 (76.75 M3 X5988.21 =459595)
4	243/2022-23, കാട്ടുമുറി റോഡ് ഡി ആർ കെട്ട്	മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹308361 (ബിൽ നം.)	40.8x5988.21 = 244319	40.8x3535.21 = 144237	244319-144237 = 100082 (40.8 M3x 5988.21

					= 244319)
5	82/2022-23, കെ.കെ പാറ റോഡ് രാജൻ പതാലിൽപ്പടി സംരക്ഷണ ഭിത്തി	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹488204 (ബിൽ നം.)	30.976x5988.21 = 185490	30.976x3535.21 = 109506	185490- 109506 = 75984 (30.976 M3 X5988.21 = 185490)
6	4/2022-23, മേടപ്പാറ റോഡിൽ രാമനാഥൻ പടിക്കൽ സംരക്ഷണ ഭിത്തി	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹385603 (ബിൽ നം.)	49.574x5988.21 = 296859	49.574x3535.21 = 175254	296859 - 175254 = 121605 (49.574 M3 X5988.21 = 296859)
7	256/2022-23, ആവോലിക്കുഴി റോഡിൽ സംരക്ഷണഭിത്തി	മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ₹189776 (ബിൽ നം.)	14.85x5988.21 = 88924	14.85x3535.21 = 52497	88924-52497 = 36427 (14.85m 3x 5988.21 = 88924)
8	19/2022-23, പടിഞ്ഞാറെ കാട്ടുമറി റോഡ് സംരക്ഷണ ഭിത്തി	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹194640 (ബിൽ നം.)	26.193x5988.21 = 156849	26.193x3535.21 = 92598	156849- 92598 = 64251 (26.193 M3 X5988.21 = 156849)
9	268/2022-23, വേക്കൽപ്പടി കറിഞ്ഞിപ്പുഴ റോഡ് സംരക്ഷണഭിത്തി	മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ₹192039 (ബിൽ നം.)	23.655x5988.21 = 141651	26.193x3535.21 = 92598	141651- 92598 = 49053 (26.193 M3 X5988.21 = 156849)
	ആകെ				913679

ബോണ്ട് സ്റ്റോൺ ഉപയോഗിക്കുന്നതായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയതു കാരണം സ്ഥാപനത്തിനുണ്ടായ നഷ്ടം ₹913679 രൂപയാണ്. അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/01-08-2023) മറുപടിയായി, ബോണ്ട് സ്റ്റോൺ ഉപയോഗിക്കണമെന്ന് എല്ലാ കരാറുകാർക്കും നിർദ്ദേശം നൽകിയിരുന്നുവെന്നും ഇവ ഉപയോഗിക്കാറുണ്ട് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ അവകാശപ്പെട്ടു. എന്നാൽ ഓഡിറ്റ് പരിശോധിച്ച രണ്ടു പ്രവൃത്തികളിലും ഇവ സ്ഥാപിച്ചിട്ടില്ല എന്നു വ്യക്തമായതിനാൽ ഈ മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ ചെലവ് തുക 913679 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു . അപാകതകളിന്മേൽ ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടർ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-21 ഗർഭിണി കിടാരി വിതരണം (വനിത, എസ്.സി.പി) പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഓഡിറ്റ് വർഷം വെറ്ററനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി 2040000 രൂപ വകയിരുത്തി ആവിഷ്കരിച്ച് ഗർഭിണി കിടാരി വിതരണം (വനിത, എസ്.സി.പി) എന്നിങ്ങനെ 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ	പ്രോജക്റ്റിന്റെ	വകയിരുത്തിയ തുക	ചെലവ്

നം	പേര്, നമ്പർ	വികസന ഫണ്ട്	മറ്റ് ഫണ്ട്	തനത് ഫണ്ട്	എസ്.സി.പി ഫണ്ട്	
1	ഗർഭിണി കിടാരി വിതരണം (വനിത) (SO 173/23)	680000	680000	-	-	1360000
2	ഗർഭിണി കിടാരി വിതരണം (എസ്.സി.പി) (SO175/23)		170000	10000	500000	440000

ഗർഭിണി കിടാരി വിതരണം (വനിത) പദ്ധതിയിൽ 20000 രൂപ പഞ്ചായത്തിന്റെ സബ്സിഡിയും ബാക്കി 20000 ഗുണഭോക്തൃവിഹിതവും, ഗർഭിണി കിടാരി വിതരണം (എസ്.സി.പി) പദ്ധതിയിൽ 30000 രൂപ പഞ്ചായത്തിന്റെ സബ്സിഡിയും ബാക്കി 10000 ഗുണഭോക്തൃവിഹിതവും ആണ്. ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ഒടുക്കി രസീത് വാങ്ങിയവർക്കാണ് പശുക്കളെ വിതരണം ചെയ്തിട്ടുള്ളത്. ഗർഭിണി കിടാരി വിതരണം (വനിത) പദ്ധതിയിൽ ലക്ഷ്യമിട്ട 34 ഗുണഭോക്താക്കളും ഗുണഭോക്തൃവിഹിതം ഒടുക്കി ആനുകൂല്യം വാങ്ങി. വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗർഭിണി കിടാരി വിതരണം (എസ്.സി.പി) പദ്ധതിയിൽ 11 ഗുണഭോക്താക്കൾ മാത്രമാണ് ആനുകൂല്യം വാങ്ങിയത്. ടി പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഉരുക്കളുടെ വിൽപ്പനക്കാരനെ തെരഞ്ഞെടുത്തത് സുതാര്യമായ പ്രോക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിക്കാതെ ഏകപക്ഷീയമായിട്ടാണ്. ശ്രീ അനീഷ് കെ.വി, കരിഞ്ചേരി കൊവ്വൽ, കൊളത്തൂർ പി. ഒ, കാസർകോഡ് എന്ന വ്യക്തിയിൽനിന്നാണ് 45 പശുക്കളെ വാങ്ങിയത്. ഗ്രാമപ്പഞ്ചായത്തിന് തൊട്ടടുത്ത പഞ്ചായത്തിൽ നിന്നും ഉരുക്കളെ വാങ്ങണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. പ്രോക്യൂർമെന്റ് മാനുവലിലെയും, സബ്സിഡി മാർഗ്ഗരേഖയിലേയും വ്യവസ്ഥകൾക്ക് വിപരീതമായാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. പ്രോക്യുവർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ ക്ഷീര കർഷകരായ വിനോദ് തറയിൽ പടിഞ്ഞാറ്റേതിൽ, തോമസ് കുട്ടി, താന്നിമൂട്ടിൽ, സ്കറിയ പി.ഡി, പുത്തൻപുരക്കൽ മണ്ണിറ എന്നീ ടീമിന്റെ നേതൃത്വത്തിൽ പോയി കിടാരികളെ കണ്ട് തുടർനടപടികൾ സ്വീകരിച്ച് ഗുണമേന്മ ഉറപ്പുവരുത്തി പദ്ധതി നടപ്പിലാക്കുന്നതിന് വെറ്ററനറി സർജനോട് നിർദ്ദേശിച്ച് തീരുമാനിച്ചതായി 04-02-23 ലെ തീരുമാനം നമ്പർ 3പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാളുകൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. ഇവരുടെ ഗുണമേന്മ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ഇനം, പ്രായം, ലഭിക്കുന്ന പാലിന്റെ അളവ് തുടങ്ങിയ മാനദണ്ഡങ്ങൾ ഒന്നും തന്നെ പരിഗണിക്കാതെ എല്ലാ ഉരുക്കൾക്കും ഒരേ വിലതന്നെയാണ് (40000 രൂപ) വിൽപ്പനക്കാരന് നൽകിയത്.

3. പശുക്കളുടെ ഗുണനിലവാരവും, ലഭിക്കുന്ന പാലിന്റെ അളവും, വിലയും വെറ്ററിനറി സർജൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. ഉരുവിനെ മൂന്നു വർഷത്തേക്ക് ഇൻഷ്വർ ചെയ്തതിന്റെ സർട്ടിഫിക്കറ്റ് എല്ലാ ഗുണഭോക്താക്കളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. ഗർഭിണി കിടാരി വിതരണം (എസ്.സി.പി) പദ്ധതി പ്രകാരം ഉരുവിനെ ലഭിച്ച ഗുണഭോക്താക്കൾ പട്ടികജാതിൽ ഉൾപ്പെട്ടവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6. ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കളിൽനിന്നും കരാർ എഴുതി വാങ്ങിയിട്ടില്ല. കൈയ്യൊപ്പിട്ട് ആധികാരികമാക്കാത്തതും, വ്യവസ്ഥകൾ എഴുതി പൂർത്തിയാക്കാത്തതോ ശൂന്യമായതോ ആയ മുദ്രപത്രങ്ങൾ വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

7. പ്രോജക്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 27) നൽകിയതിന് ഗ്രാമപ്പഞ്ചായത്തിന് തൊട്ടടുത്ത പഞ്ചായത്തിൽ നിന്നും ഗർഭിണി കിടാരികളെ വാങ്ങുന്നതിനായി പലയിടത്തും അന്വേഷിച്ചെങ്കിലും കിട്ടാതെ

വന്ന സാഹചര്യത്തിലാണ് കാസർകോഡ് നിന്നും ശ്രീ അനീഷ് കെ.വി, കരിഞ്ചേരി കൊവ്വൽ, കൊളത്തൂർ പി. ഒ, കാസർകോഡ് എന്ന വ്യക്തിയുമായി ബന്ധപ്പെട്ട് 45 ഗർഭിണി കിടാരികളെ വാങ്ങിയത് എന്നും ഡയറി ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഈ വ്യക്തിയിൽ നിന്നും കിടാരികളെ വാങ്ങിയത് എന്നും ഗുണഭോക്താക്കൾ നിർദ്ദേശിച്ചിട്ടുള്ളവർ ഫാമിൽ നേരിട്ട് പോയിക്കണ്ട് തൃപ്തിപ്പെട്ടാണ് വാങ്ങിയത് എന്നും ഗർഭിണി കിടാരികൾക്ക് മാനദണ്ഡം അനുസരിച്ച് ഗർഭിണി കിടാരി വിതരണം (വനിത) പദ്ധതിയിൽ 20000 രൂപയും ഗർഭിണി കിടാരി വിതരണം (എസ്.സി.പി) പദ്ധതിയിൽ 30000 രൂപയും മാത്രമെ സബ്സിഡി ഇനത്തിൽ നൽകുവാൻ സാധിക്കുകയുള്ളു എന്നതിനാലാണ് 40000 രൂപ വിലയുള്ള കിടാരികളെ വാങ്ങിയതെന്നും, ഗർഭിണി കിടാരികളുടെ ഗുണമേന്മ മാത്രമേ വെറ്ററനറി സർജൻ സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുകയുള്ളു എന്നും, ഗുണഭോക്താക്കൾ തന്നെ പശുവിനെ ഇൻഷ്വർ ചെയ്ത് രേഖകൾ ഹാജരാക്കണമെന്ന് അറിയിച്ചിരുന്നുവെന്നും, സർട്ടിഫിക്കറ്റ് നൽകാൻ അവശേഷിക്കുന്ന എല്ലാ ഗുണഭോക്താക്കളിൽ നിന്നും ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും ഗർഭിണി കിടാരി വിതരണം (എസ്.സി.പി) പദ്ധതി പ്രകാരം ഉരുവിനെ ലഭിച്ച ഗുണഭോക്താക്കൾ പട്ടികജാതിൽ ഉൾപ്പെട്ടവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കുന്നതാണെന്നും ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കളിൽനിന്നും കരാർ എഴുതി വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-22 അടുക്കള മുറ്റത്തെ കോഴി വളർത്തൽ, കൂടില്ലാതെ (വനിത) പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഓഡിറ്റ് വർഷം വെറ്ററനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി അടുക്കള മുറ്റത്തെ കോഴി വളർത്തൽ, കൂടില്ലാതെ (വനിത) എന്ന പദ്ധതി 1020000 രൂപ വകയിരുത്തി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം വാങ്ങിയിട്ടുള്ളത്. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും, സ്ത്രീകളുടെ തൊഴിലും, വരുമാനവും, സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ജീവനോപാധികൾ വിതരണം ചെയ്യുന്ന പദ്ധതികളുടെ കാര്യത്തിൽ വനിതകൾ ഗൃഹനാഥകളായ കുടുംബങ്ങളെ വേണം വനിതാ ഘടകപദ്ധതിയിൽ ഗുണഭോക്താക്കളാക്കേണ്ടത്. എന്നാൽ സ്ത്രീ ഗൃഹനാഥയായ കുടുംബങ്ങൾക്കല്ല ടി പദ്ധതിയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. മേൽ അപാകതയ്ക്ക് പുറമേ ഈ പദ്ധതിയുടെ ആനുകൂല്യം പുരുഷൻമാർക്കും നൽകി. ആനുകൂല്യം ലഭിച്ച പുരുഷൻമാരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ആനുകൂല്യം ലഭിച്ച പുരുഷൻമാർ	വാർഡ്
1	ശ്രീ രാജൻ വി.കെ, വിളയിൽ വീട്, കരിമാൻതോട്	IV
2	ശ്രീ ബഷീർ പി.എം, പാറക്കൽ പുത്തൻവീട്, തണ്ണിത്തോട്	II
3	ശ്രീ രാജു എം. ജോർജ്ജ്, മേലേക്കോയിക്കൽ ഹൌസ്, തണ്ണിത്തോട്	II
4	ശ്രീ കെ. എം ശാവുമേൽ, കുരണ്ടിക്കൽ വീട്, തണ്ണിത്തോട്	II
5	ശ്രീ സുരേഷ് കുമാർ, പളനിയിൽ കുന്നത്ത്, തണ്ണിത്തോട്	II
6	ശ്രീ പി.വി സുനിൽകുമാർ, പറമ്പത്ത് വീട്, തണ്ണിത്തോട്	II

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 28) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി അടുക്കള മുറ്റത്തെ കോഴി വളർത്തൽ, കൂടില്ലാതെ (വനിത) എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചതിനുശേഷം ഗുണഭോക്താക്കളായി പുരുഷൻമാരെ തെരഞ്ഞെടുത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ നടപടിയാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

1-23 ക്രിമറ്റോറിയം പദ്ധതി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ക്രിമറ്റോറിയത്തിനായി 50 സെന്റ് സ്ഥലം ലഭ്യമായിരുന്നു. ക്രിമറ്റോറിയം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് ഭൂമി തട്ടു തട്ടായി കിടക്കുന്നതും കാട് കയറി കിടക്കുന്നതുമായിരുന്നു. പാഴ് മരങ്ങൾ വെട്ടിമാറ്റുന്നതിനും മണ്ണ് നിരപ്പാക്കുന്നതിനും നിലവിലുള്ള ചുറ്റുമതിലിനു മുകളിൽ കോൺക്രീറ്റ് കട്ട കെട്ടുന്നതിനും അത് പ്ലാസ്റ്ററിംഗ് നടത്തുന്നതിനും പദ്ധതിയുടെ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നു. കൂടാതെ പ്ലാറ്റ്ഫോം , ഗ്രേവ് യാർഡ്, ഇന്റർലോക്ക് പാകുക എന്നിവയും പദ്ധതിയുടെ ഭാഗമായിരുന്നു. ഇതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 20 ലക്ഷം വകയിരുത്തുകയും 30-11-2021 ൽ ടെണ്ടർ വിളിക്കുകയും ചെയ്തിരുന്നു.

പ്രൊജക്ട് നമ്പർ / പേര്	170/21-22, 103/22-23, ക്രിമറ്റോറിയം നവീകരണം
ഫണ്ട് വകയിരുത്തിയത്	ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 2000000
തുക ചെലവഴിച്ചത്	ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 718480 (ബിൽ നം. 292/ 25.02.2023) ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 226702 (ബിൽ നം.440/25.03.2023) ആകെ - 945182
എഗ്രിമെന്റ് നമ്പർ	51/AE/LSGD/TND/2021-22; 30-12-2021
കരാറുകാരൻ	പ്രമോദ് ടി.പി, തൈക്കൂട്ടത്തിൽ, തണ്ണിത്തോട്

15.99% ടെണ്ടർ കുറവു രേഖപ്പെടുത്തിയ ശ്രീ പ്രമോദ് എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും ടിയാൾക്ക് 15-12-2021 ൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് 30-12-2021 ൽ ഇദ്ദേഹവുമായി കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ പദ്ധതി പാതി വഴിയിൽ നിർമ്മാണം നിലച്ചതായി ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. കോമ്പൗണ്ട് സംരക്ഷണ മതിലും പ്ലാറ്റ് ഫോമിന്റെ പില്ലറുകളും മാത്രം സ്ഥാപിച്ചിട്ടുള്ളൂ.

ക്രിമറ്റോറിയത്തിന്റെ പ്രധാന ഭാഗമായി 8 ഗ്രേവ് യാർഡുകൾ നിർമ്മിക്കേണ്ടിയിരുന്നു. എന്നാൽ ഇവ നിർമ്മിക്കപ്പെട്ടിട്ടില്ല. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ കരാറിൽ വ്യക്തമായി കരാർ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. മുദ്രപ്പത്രത്തിൽ യാതൊരു വിധ രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല. പദ്ധതിയുടെ പ്രവർത്തന കലണ്ടർ ഫയലിൽ ലഭ്യവുമല്ല. കരാർ പാലിക്കാതിരുന്നതിനു കരാറുകാരനെതിരെ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.19/01-08-2023) നൽകിയിരുന്നെ. വസ്തുവിൽ പാഴ്മരങ്ങളും റബർ മരങ്ങളും ഉണ്ടായിരുന്നതായും ഇവ ലേലം ചെയ്തു മുറിച്ചു മാറ്റാൻ കാലതാമസമെടുത്തു എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. മഴക്കാലത്ത് നീരുറവകൾ ഉള്ള സ്ഥലമായതിനാലും വാഹനങ്ങൾക്ക് സൈറ്റിലെത്താൻ സാധിക്കാത്തതും പദ്ധതി പൂർത്തീകരിക്കാൻ തടസ്സമായെന്നും അറിയിച്ചിരുന്നു. കാലാവസ്ഥ മെച്ചപ്പെടുന്നതിനനുസരിച്ച് എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു. 20 ലക്ഷം വകയിരുത്തിയ ക്രിമറ്റോറിയം നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാൻ വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിനു ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയുണ്ടാകേണ്ടതാണ്.

1-24 ലൈഫ് ഭവന പദ്ധതി- തുക കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ട പ്രകാരം ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	പേര്, മേൽവിലാസം	എഗ്രിമെന്റ് വെച്ച	കൈപ്പറ്റിയ തുക	ഗഡുക്കൾ

		വർഷം		
1	ശ്രീ വിനോദ് കുമാർ, മുണ്ടൻ കാവ്, തേക്കുതോട്	2018	200000	2
2	ശ്രീ ജോസഫ്, പാലവിള വീട്, തേക്കുതോട്	2018	40000	1
3	ശ്രീമതി ശാന്തമ്മ, വാഴമുട്ടം വീട്, എലിമുള്ളുംപ്ലാക്കൽ	2020	360000	4
4	ശ്രീ സന്തോഷ്, പ്ലാവിനാംകുഴിയിൽ, എലിമുള്ളുംപ്ലാക്കൽ	2021	340000	4
5	ശ്രീമതി സുഗത, ഈറമുള താഴേതിൽ, തേക്കുതോട്	2021	300000	3
6	ശ്രീമതി സന്ധ്യാ രഘു, എത്യേത്ത് മേമുറിയിൽ, തുമ്പാക്കുളം	2021	300000	3

ആയതിന് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 13, തീയതി 31-07-23) തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ശ്രീ ജോസഫ്, പാലവിള വീട്, തേക്കുതോട് എന്ന ഗുണഭോക്താവ് 2018-19 ൽ ഭവന നിർമ്മാണത്തിന് കരാർ വെക്കുകയും 40000 രൂപ കൈപ്പറ്റിയതാണെന്നും ഉരുൾ പൊട്ടലിൽ ഭൂമി വീടുവെക്കാൻ അനുയോജ്യമല്ലാതെ വരുകയും ചെയ്തതിനാൽ ബാക്കി തുക നൽകാൻ സാധിക്കുമായിരുന്നില്ല എന്നും ടിയാൻ അദാലത്തിൽ പരാതി നൽകിയതിന്റെയും, വില്ലേജ് ഓഫീസിൽ നിന്നും ഭൂമിയില്ല എന്ന രേഖ നൽകിയതിന്റേയും അടിസ്ഥാനത്തിൽ ലൈഫ് മിഷനിലേക്ക് കത്ത് നൽകുകയും രണ്ടാം ഘട്ടത്തിൽ നിന്നും മൂന്നാം ഘട്ടത്തിലേക്ക് മാറ്റിക്കൊണ്ട് എം.ഐ.എസിൽ വന്നെങ്കിൽ മാത്രമെ തുടർ നടപടികൾ സ്വീകരിക്കുവാനും ഭൂമി കണ്ടെത്തി വരുന്ന മുറക്ക് ശേഷിക്കുന്ന തുക നൽകുവാനും സാധിക്കുകയുള്ളു എന്നും, ശ്രീ വിനോദ് കുമാർ, മുണ്ടൻ കാവ്, തേക്കുതോട് എന്ന ഗുണഭോക്താവ് നാട് വിട്ടു പോയിട്ടുള്ളതാണെന്നും കമ്മിറ്റി തീരുമാനം ലഭ്യമാകുന്ന മുറക്ക് ശേഷിക്കുന്ന തുക ടിയാളുടെ ഭാര്യയുടെ പേരിൽ നൽകുന്നതാണെന്നും, ശ്രീമതി ശാന്തമ്മ, വാഴമുട്ടം വീട്, എലിമുള്ളുംപ്ലാക്കൽ, ശ്രീ സന്തോഷ്, പ്ലാവിനാംകുഴിയിൽ, എലിമുള്ളുംപ്ലാക്കൽ എന്നീ ഗുണഭോക്താക്കൾ മേൽക്കൂര വരെ വാർത്തിട്ടിരിക്കുവാണെന്നും ശേഷിക്കുന്ന തുക പണി പൂർത്തികരിക്കുന്ന മുറക്കു നൽകുന്നതാണെന്നും, ശ്രീമതി സുഗത, ഈറമുള താഴേതിൽ, തേക്കുതോട്, ശ്രീമതി സന്ധ്യാ രഘു, എത്യേത്ത് മേമുറിയിൽ, തുമ്പാക്കുളം എന്നീ ഗുണഭോക്താക്കൾ ലിന്റൽ ലെവൽ വരെ വാർത്തിട്ടിരിക്കുവാണെന്നും ഇനിയും പൂർത്തീകരിക്കുവാൻ വൈകുന്ന പക്ഷം പഞ്ചായത്ത് തല മോണിട്ടറിംഗ് സമിതിയുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനോ അല്ലാത്തപക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1-25 വീട് പുനരുദ്ധാരണം പദ്ധതി - തുക കൈപ്പറ്റിയവർ പണി പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് പുനരുദ്ധാരണം പദ്ധതി (പട്ടികജാതി) (S0165/23) പ്രകാരം വീട് പുനരുദ്ധാരണത്തിന് തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	പേര്, മേൽവിലാസം	എഗ്രിമെന്റ് വെച്ച വർഷം	കൈപ്പറ്റിയ തുക	ഗഡുക്കൾ

1	മല്ലിക, മണ്ണിൽ, തണ്ണിത്തോട്	2022	50000	1
2	വാസു, പുതുവേലിമുരുപ്പേൽ, തേക്കുതോട്	2023	50000	1

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം. 14/31-07-23) ടി ഗുണഭോക്താക്കൾ വീട് പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, എൽ.എസ്.ജി.ഡി ഓവർസിയറിൽ നിന്നും വാല്യുവേഷൻ ലഭ്യമാകുന്ന മുറക്ക് ബാക്കി തുകയായ 50000 രൂപ കൂടി നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-26 ലക്ഷക്കണക്കിന് രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കാനവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനും പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്ന് വാങ്ങുന്നതിനുമായി ₹804082 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു 2022-23 ൽ നൽകിയിരുന്നു . എന്നാൽ 07/2023 വരെ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് 149024 രൂപയുടേയും പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് ₹339382 രൂപയുടേയും മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. ഇപ്രകാരം ആകെ ₹488406 രൂപയുടെ മരുന്നുകൾ KMSCL ൽ നിന്നും ലഭ്യമാക്കാനവശേഷിക്കുന്നുണ്ട്.

A) കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനു തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ

മെഡിക്കൽ ഓഫീസർ (FHC) നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിന് 6 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നമ്പർ / പേര്	46/2022-23, കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ.
ഫണ്ട് വകയിരുത്തിയത്	മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)- 600000
തുക ചെലവഴിച്ചത്	₹218461 (ബിൽ നം. 88/28.09.2022) ₹246239 (ബിൽ നം. 198/18.01.2023) ₹135300 (ബിൽ നം. 83/22.09.2022) ആകെ - ₹600000
കരാറുകാരൻ/ ഏജൻസി	കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സിവിൽ സപ്ളൈസ് കോർപ്പറേഷൻ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലി.

മേൽ ബില്ലുകൾ പ്രകാരം ഭൂരിഭാഗം തുകയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനാണ് നൽകിയിരുന്നത്. സിവിൽ സപ്ളൈസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കണ്ടു. എന്നാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ തുകയ്ക്ക് ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇൻവോയിസ് നമ്പർ	നൽകിയ തുക (₹)	ലഭ്യമാക്കിയ മരുന്നുകൾ (₹)	അവശേഷിക്കുന്ന മരുന്നുകൾ (₹)
1	PRF 524/ 29.06.2022	218461	194674	23787
2	PRF 3243/ 28.12.2022	246239	121002	125237
	ആകെ	464700	315676	149024

B) പാലിയേറ്റീവ് കെയർ പദ്ധതിയിൽ 3.39 ലക്ഷം രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനവശേഷിക്കുന്നു .

പാലിയേറ്റീവ് കെയർ പദ്ധതിയിൽ മെഡിസിനും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി ₹339382 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയിരുന്നു. എന്നാൽ മരുന്നുകളോ ഉപകരണങ്ങളോ സ്ഥാപനം 07/2023

വരെ ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് നമ്പർ / പേര്	44/2022-23, പാലിയേറ്റീവ് കെയർ.
ഫണ്ട് വകയിരുത്തിയത്	വികസന ഫണ്ട്- 900000
തുക	₹339382 (ബിൽ നം. 137/28.11.2022)
ഇൻവോയിസ് നമ്പർ	PRF 1721/ 18.10.2022

മേൽ ഇൻവോയിസ് പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾക്ക് കൂടി തുക ഉൾപ്പെടുത്തിയിരുന്നു.

ക്രമ നം	ഉപകരണത്തിന്റെ പേര്	എണ്ണം	തുക
1	Air Bed	25	50312
2	Commode Chair	10	14646
3	Walker	10	9729
4	Wheel Chair	10	43300

ഗുരുതര ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവർക്കും മരണാസന്നരായവർക്കുവേണ്ടിയുമുള്ള മരുന്നുകളും ഉപകരണങ്ങളും യഥാസമയം ലഭ്യമാക്കാനാകുന്നില്ല എന്നത് വലിയ വീഴ്ചയാണ്.

സ.ഉ (സാധാ) നം. 2243/2022/ത.സ്വ.ഭ.വ ; 15.09.2022 പ്രകാരം KMSCL ൽ നിന്നും അലോപ്പതി മരുന്ന് വാങ്ങുന്നതിനു കാലതാമസം വന്നാൽ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി, നീതി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നതിനു അനുമതി നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ ഈ ഉത്തരവിലെ സാധ്യത ഉപയോഗിച്ച് മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 മരുന്ന് വാങ്ങൽ പദ്ധതി- തുക മുൻകൂർ നൽകിയെങ്കിലും ഹോംകോ മരുന്ന് ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിന്റെ (SO51/23) ഭാഗമായി 400000 രൂപ, ഹോമിയോ മരുന്നുകൾ സപ്ലൈ ചെയ്യുന്നതിനായി 2205105201590091 5629/15-12-22 നമ്പർ ബിൽ പ്രകാരം HOMCO-യ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ മുൻകൂർ തുക നൽകി മാസങ്ങൾ പിന്നിട്ടെങ്കിലും മരുന്ന് ലഭിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-28 പദ്ധതികൾ നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി

ഓഡിറ്റ് വർഷം മൃഗസംരക്ഷണ മേഖലയിൽ 7.5 ലക്ഷം രൂപ വകയിരുത്തി ആവിഷ്കരിച്ച 2 പദ്ധതികൾ വെറ്ററനറി സർജൻ നടപ്പിലാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്റ്റിന്റെ പേര്, നമ്പർ	വകയിരുത്തിയ തുക		
		വികസന ഫണ്ട്	മറ്റ് ഗ്രാമപഞ്ചായത്ത് ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)
1	മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (SO 53/23)	50000		500000
2	എ.ബി.സി പ്രോഗ്രാം വാക്സിനേഷൻ പദ്ധതി (SO281/23)	100000	100000	-

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ, എ.ബി.സി പ്രോഗ്രാം വാക്സിനേഷൻ പദ്ധതി, തുടങ്ങിയ പദ്ധതികൾ നിർവ്വഹണത്തിൽ സങ്കീർണ്ണതകളില്ലാത്ത, താരതമ്യേന വേഗത്തിൽ നടപ്പിലാക്കി ധനവിനിയോഗം നടത്താവുന്ന പദ്ധതികളായിരുന്നു. ടി പദ്ധതികൾ നിർവ്വഹണ ഉദ്യോഗസ്ഥ നടപ്പിലാക്കാത്തതിനാൽ ടിയിനത്തിൽ വകയിരുത്തിയ 7.5 ലക്ഷം രൂപ

(വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)) ലാപ്സായി. ആയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം. 15/01-08-23) 2021-22 വർഷം മൃഗാശുപത്രിക്ക് മരുന്ന് വാങ്ങിയത് മാർച്ച് മാസത്തിൽ ആയിരുന്നുവെന്നും ഇതിന്റെ സ്റ്റോക്ക് ഉള്ളതിനാലും 2022-23 വർഷത്തെ മരുന്ന വാങ്ങൽ പദ്ധതി ഗവൺമെന്റ് നിർദ്ദേശ പ്രകാരം നീതി സ്റ്റോർ മാവേലി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും ആയിരിക്കണമെന്നുമുള്ളതു പ്രകാരം നീതി സ്റ്റോർ മാവേലി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും ഇൻവോയിസ് കിട്ടുന്നതിനും പല മരുന്നുകളും ഇവിടെ ലഭ്യമല്ലാത്തതിനാലും, 2022-23 വർഷത്തിൽ ആഗസ്റ്റ് മുതൽ നവംബർ വരെ ഡിപ്പാർട്ട്മെന്റൽ പദ്ധതിയിൽ ഉൾപ്പെടുത്തി വളർത്തു നായകൾക്ക് പേവിഷ നിർമ്മാർജന വാക്സിൻ നൽകിയിരുന്നതിനാലും അസുഖത്തെത്തുടർന്ന് കുറെ ഏറെ വളർത്തു നായകളും തെരുവുനായകളും ചത്തൊടുങ്ങുകയും ചെയ്തതിനാലുമാണ് ഈ രണ്ട് പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ പോയതെന്ന് വെറ്ററനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതികൾ ആവശ്യമാണോ എന്ന് വിശകലനം ചെയ്തതിന് ശേഷം മാത്രം ആയത് ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതികൾ നടപ്പിലാക്കിയില്ല-ഫണ്ട് ലാപ്സായി.

ഓഡിറ്റ് വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 90.34 ലക്ഷം രൂപ വകയിരുത്തി ആവിഷ്കരിച്ച 8 പദ്ധതികൾ നടപ്പിലാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ടിന്റെ പേര്, നമ്പർ	വകയിരുത്തിയ തുക
1	പി.എം.എ.വൈ വിഹിതം നൽകൽ (ജനറൽ) (SO 262/23)	560000
2	ലൈഫ്- ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) (SO178 /23)	3600000
3	ലൈഫ്- ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (പട്ടികജാതി) (SO 179 /23)	1125000
4	ലൈഫ്- ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (പട്ടിക വർഗ്ഗം) (SO 180 /23)	675000
5	വനിതകൾക്ക് ഓട്ടോ റിക്ഷ വാങ്ങൽ (SO 219 /23)	180000
6	വ്യക്തിഗത സ്വാശ്രയ സംരംഭങ്ങൾ വനിതകൾക്ക് (SO 220 /23)	500000
7	തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ (SO 111/23)	90000
8	നിർമ്മല ഗ്രാമം പദ്ധതി (SO118/23)	2304000
	ആകെ	9034000

പദ്ധതികൾ നടപ്പാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 29/05-08-23) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് വർഷം അടങ്കൽതുകയുടെ 28.34 ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പദ്ധതികൾ നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-30 പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിട്ട്സുകൾ അംഗീകരിക്കാൻ അകാരണമായ കാലതാമസം

പഞ്ചായത്ത് ഭരണസമിതിയുടെ (ജനറൽ കമ്മിറ്റിയുടെ) തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തുന്നത് സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ പശ്ചാതലത്തിൽ സകർമ്മ സോഫ്റ്റ്‌വെയർ മുഖേന യാക്കിയിട്ടുണ്ട്. തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽ 4.11.2016 മുതൽ സകർമ്മയിലാണ് ജനറൽ കമ്മിറ്റി മിനിട്ട്സ് രേഖപ്പെടുത്തുന്നത്. 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) 26(8) ചട്ടം പ്രകാരം പഞ്ചായത്ത് പാസ്സാക്കിയ തീരുമാനങ്ങളും പ്രമേയങ്ങളുമായ നടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ചട്ടം 26(9) പ്രകാരം മേൽ സൂചിപ്പിച്ച അദ്ധ്യക്ഷന് ലഭിച്ച് നക്കൽ 24 മണിക്കൂറിനുള്ളിൽ പരിശോധിച്ച് വസ്തുതപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന യോഗനടപടിക്കുറിപ്പ് സെക്രട്ടറി മിനിട്ട്സായി രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം എന്ന് ചട്ടം 26(10)-ൽ പറയുന്നുണ്ട്. എന്നാൽ, ഓഡിറ്റ് വർഷം ജനറൽ കമ്മിറ്റി മിനിട്ട്സ് അംഗീകരിക്കുന്നതിന് അനാവശ്യമായ കാലതാമസം ഉണ്ടായിട്ടുണ്ട്.

ഭരണസമിതി യോഗം കൂടിയത്	*സെക്രട്ടറി അംഗീകാരത്തിനായി മിനിട്ട്സ് അയച്ചത്*	*അദ്ധ്യക്ഷൻ മിനിട്ട്സ് അംഗീകരിച്ചത്*
27.10.2022	21.12.2022	21.12.2022
9.11.2022	1.12.2022	1.12.2022
20.11.2022	12.12.2022	12.12.2022
30.11.2022	10.1.2023	10.1.2023
20.12.2022	30.1.2023	30.1.2023
31.12.2022	2.2.2023	2.2.2023
13.1.2023	1.3.2023	1.3.2023
31.1.2023	14.3.2023	14.3.2023
15.2.2023	6.3.2023	6.3.2023
22.2.2023	18.3.2023	18.3.2023
27.2.2023	12.4.2023	12.4.2023
13.3.2023	17.4.2023	17.4.2023
18.3.2023	12.4.2023	12.4.2023
22.3.2023	13.4.2023	13.4.2023
31.3.2023	18.4.2023	18.4.2023

മേൽ വിവരങ്ങൾ പരിശോധിച്ചാൽ മിനിട്ട്സ് അംഗീകരിക്കാൻ ഒന്നരമാസം വരെയുള്ള കാലതാമസം ഉണ്ടായിട്ടുണ്ട്. അടുത്ത് പഞ്ചായത്ത് യോഗം ചേരുന്നതിന് മുൻപ് മുൻ കമ്മിറ്റിയുടെ മിനിട്ട്സ് പ്രസിഡന്റ്/ അദ്ധ്യക്ഷൻ അംഗീകരിച്ചിട്ടില്ല. ചില സന്ദർഭങ്ങളിൽ യോഗത്തിന്റെ മിനിട്ട്സ് അതിന് ശേഷം കൂടിയ യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ച് കഴിഞ്ഞ് അംഗീകരിച്ചിട്ടുള്ളത്. ഉദാഹരണത്തിന് 21.10.2022-ലെ യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ചത് 21.12.2022-ലാണെങ്കിൽ 9.11.2022-ലെ യോഗത്തിന്റെ മിനിട്ട്സ് 1.12.2022-ൽ തന്നെ അംഗീകരിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി മിനിട്ട്സ് സമയബന്ധിതമായി പൂർത്തീകരിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

1-31 സി.എഫ്.എൽ.റ്റി.സി പ്രവർത്തനത്തിന് അനുവദിച്ച തുകയുടെ തിരിച്ചടവിൽ ഇരട്ടിപ്പ്

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെ (CFLTC) സ്ഥാപനത്തിനും പ്രവർത്തനത്തിനും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭിച്ച 200000/- രൂപ 14.9.2020-ൽ ഇതിനായി സെക്രട്ടറിയുടെ പേരിൽ കോന്നി സബ് ട്രഷറിയിൽ ആരംഭിച്ച എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ (790011400006454) നിക്ഷിപിച്ചു. കോവിഡ് അനുബന്ധമായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകയ്ക്ക് പകരമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന തുകയും ഈ അക്കൗണ്ടിൽ നിക്ഷേപിച്ചതിന് ശേഷമാണ് തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യുന്നത്. പഞ്ചായത്തിൽ CFLTC-യുടെ പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക ചെലവഴിച്ചില്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.3.2022-ലെ ജി2-1030/2020 കത്തിൽ, CFLTC പ്രവർത്തനത്തിനായി അനുവദിച്ചതും ചെലവഴിക്കാത്തതുമായ തുകകൾ അടിയന്തിരമായി തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശം ലഭിച്ചു. തുടർന്ന്, ചെലാൻ നമ്പർ

KL02706113202122M നമ്പർ ചെലാൻ പ്രകാരം 200000/- രൂപ 2054-02-101-94-01-Flood Other Items എന്ന ശീർഷകത്തിൽ തിരിച്ചടച്ചു. എന്നാൽ, ട്രഷറി സ്വമേധയാ 21.3.2022-ൽ ടി അക്കൗണ്ടിൽ നിന്നും 200000/- രൂപ പിൻവലിച്ചിട്ടുണ്ടായിരുന്നു. ഇപ്രകാരം രണ്ടു തവണ സർക്കാരിലേക്ക് തുക ഒടുക്കുന്ന സാഹചര്യം ഉണ്ടായി. അധികമായി അടച്ച 200000രൂപ തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്യുന്നതിന് 31.3.2022, 18.6.2022 എന്നീ തീയതികളിൽ പഞ്ചായത്ത് സെക്രട്ടറി സബ് ട്രഷറിയിൽ നൽകിയ കത്തിന് മറുപടിയായി തുക തിരികെ ലഭിക്കുന്നതിന് വകുപ്പ്തലത്തിൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തുക തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-32 വായ്പ തിരിച്ചടവ് അനുവദിച്ച വായ്പയിലും അധികം

ലൈഫ് ഭവന പദ്ധതിയ്ക്കായി KURDFC-യിൽ നിന്നും അനുവദിച്ചതിനേക്കാൾ അധികം തുക പഞ്ചായത്ത് തിരിച്ചടവ് വരുത്തിയിട്ടുണ്ട. രണ്ട് ഘട്ടങ്ങളിലായി പഞ്ചായത്തിന് 2349844/- രൂപയാണ് (19451422+408322) വായ്പ അനുവദിച്ചത്. എന്നാൽ, 31.3.2023 വരെ പഞ്ചായത്ത് വായ്പ തിരിച്ചടവ് ഇനത്തിൽ 2602721/- രൂപ ഒടുക്കിയിട്ടുണ്ട് വിശദാംശം ചുവടെ ചേർക്കുന്നു-

വർഷം	ലോൺ തിരിച്ചടവ്			ആകെ
	ജനറൽ	എസ്.സി.പി	റ്റി.എസ്.പി	
2019-20	397059	88235	0	485294
2020-21	395941	117098	0	513039
2021-22	396001	109882	0	505883
2022-23	479698	576958	41849	1098505
ഒട്ടാകെ	1668699	892173	41849	2602721

ഇപ്രകാരം 252877/- രൂപ (2602721-2349844) അധികമായി ഒടുക്കിയത് തുടർ വർഷങ്ങളിൽ ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-33 വെള്ളക്കരം കുടിശ്ശിക അനിയന്ത്രിതമായി പെരുകുന്നു

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം 197 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 1200000/- രൂപയാണ് റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും ഒടുക്കിയിട്ടുള്ളത്. നിലവിൽ ഒരു ടാപ്പിന് പ്രതിവർഷം 9428/- രൂപയാണ് അടവാക്കേണ്ടത്. പഞ്ചായത്തും വാട്ടർ അതോറിറ്റിയും കൂടി 14.3.2023, 17.3.2023 തീയതികളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി. ജോയിന്റ് വെരിഫിക്കേഷന് റിപ്പോർട്ട് പ്രകാരം 197-ന് പകരം 171 ടാപ്പുകൾ മാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ. 171 എണ്ണത്തിൽ 30 ടാപ്പുകൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടാപ്പുകളുടെ എണ്ണം 30 ആക്കി നിജപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് കമ്മിറ്റിയുടെ 31.3.2023-ലെ 4(1)-ാം നമ്പർ തീരുമാനത്തിൽ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടു. പ്രവർത്തനരഹിതമായ ടാപ്പുകൾ ഒഴിവാക്കുന്നതിന് 213800/- രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി ലഭ്യമാക്കിയത് തനത് ഫണ്ടിന്റെ അപര്യാപ്തത കാരണം പഞ്ചായത്ത് ഒടുക്കിയില്ല. 19.6.2023-ൽ പഞ്ചായത്ത് നൽകിയ കത്തിന്റെ മറുപടിയായി ടാപ്പുകളുടെ കുടിശ്ശികയിനത്തിൽ 1038984/- രൂപയുണ്ട് എന്നറിയിച്ചു. കുടിശ്ശിക തുക ഒഴിവാക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ 19.7.2023-ലെ 8(1)-നമ്പർ തീരുമാനം സഹിതം സർക്കാരിനോടും ബഹു. ജലവിഭവ വകുപ്പ് മന്ത്രിയ്ക്കും കത്ത് നൽകിയിട്ടുണ്ട്.

വെള്ളക്കരം പിഴപലിശ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (22/2.8.2023) 7/2020-ന് ശേഷമാണ് പിഴപലിശ ഈടാക്കി തുടങ്ങിയത് എന്ന് മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇത് നിലവിൽ 24335/- രൂപയായിട്ടുണ്ട്.

ജലജീവൻ മിഷന്റെ ഭാഗമായി 15.6.2023 മുതൽ പഞ്ചായത്തിൽ ഗാർഹിക കണക്ഷൻ നൽകാൻ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 201 ഗാർഹിക കണക്ഷൻ നൽകിയിട്ടുള്ളതും 90 കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിച്ചു വരികയാണ്.

പ്രവർത്തനരഹിതമായ ടാപ്പുകൾ നിർത്തലാക്കുന്നതിന് വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റിലെ തുക കണ്ടെത്തി അടിയന്തിരമായി പ്രവർത്തനരഹിതമായ പൊതുടാപ്പുകൾ നിർത്തൽ ചെയ്യേണ്ടതാണ്.

1-34 പേരുവാലി കുടിവെള്ള പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്

തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം അനുഭവിക്കുന്ന പ്രദേശങ്ങളാണ് മണ്ണീറ,

എലിമുള്ളംപ്ലാക്കൽ എന്നിവ. കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താനാണ് പേരുവാലി കുടിവെള്ള പദ്ധതി ആസൂത്രണം ചെയ്തത് നടപ്പിലാക്കിയത്. പദ്ധതിയ്ക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 115700000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 304/22 നമ്പർ പ്രോജക്ട് പ്രകാരം 5925000/- രൂപയും 305/22 നമ്പർ പ്രോജക്ട് പ്രകാരം 8541608/- രൂപയും തൻവർഷം 37/23 നമ്പർ പ്രോജക്ട് പ്രാകരം 6818000/- രൂപയുമുൾപ്പെടെ ആകെ 21284608/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ, കുടിവെള്ള പദ്ധതി സ്ഥാപിക്കുന്നതിന് വനം വന്യജീവി വകുപ്പിന്റെ അനുമതി ആവശ്യമുണ്ട്. ഈ ആവശ്യത്തിന് പഞ്ചായത്ത് 27.2.2023-ൽ ഫോറസ്റ്റ് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/3.8.2023) വനം വന്യജീവി വകുപ്പിന്റെ എൻ.ഒ.സി-യ്ക്കായി വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ജലജീവൻ മിഷന്റെ പ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ട മണ്ണീറ, എലിമുള്ളംപ്ലാക്കൽ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള പദ്ധതി എന്ന നിലയിൽ പെരുവാലി കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 തേനരുവി വെള്ളച്ചാട്ടം ടൂറിസം പദ്ധതി - പ്രവൃത്തി ത്വരിതപ്പെടുത്തേണ്ടത് അനിവാര്യം

പഞ്ചായത്തിലെ മൂന്നാം വാർഡിൽ പൂച്ചക്കുളത്ത് തേനരുവി വെള്ളച്ചാട്ടം ടൂറിസം പദ്ധതി സംസ്ഥാന സർക്കാരിന്റെ (വിനോദ സഞ്ചാര വകുപ്പ്) ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി 80000/- രൂപ (പ്രോജക്ട് നം. 147/23) ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റിന് 9830000/- രൂപയുടെ ഭരണാനുമതി ടൂറിസം വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. വിനോദ സഞ്ചാര വകുപ്പ് 5000000/- രൂപ വകയിരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയുടെ ബാക്കിയായ 4830000/- തുക കണ്ടെത്തി ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ വിനോദ സഞ്ചാര വകുപ്പ് വകയിരുത്തിയിട്ടുള്ള തുക അനുവദിക്കപ്പെട്ടു എന്നാണ് പഞ്ചായത്തും വിനോദ സഞ്ചാര വകുപ്പും തമ്മിലുള്ള കരാറിലെ വ്യവസ്ഥ.

പദ്ധതി പ്രവർത്തനത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/3.8.2023) നൽകിയ മറുപടിയിൽ 2023-24 വർഷം 90290/- രൂപ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. കൂടാതെ, പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 47,39,710/- രൂപ ലഭിക്കുന്നതിന് എം.പി, എം.എൽ.എ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിലേക്ക് കത്ത് നൽകിയിട്ടുണ്ട്. വെള്ളച്ചാട്ടത്തിന്റെ ചുറ്റുമുള്ള ആറു സെന്റ് സ്ഥലം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കൂട്ടിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ.)84/22 /തസ്വഭവ തീയതി 19.4.22) ഖണ്ഡിക 8.15 പ്രകാരം തദ്ദേശസ്വയംഭരന സ്ഥാപനങ്ങളിലെ പ്രകൃതിരമണീയമായ വിനോദസഞ്ചാര സാദ്ധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് പറഞ്ഞിട്ടുണ്ട്. പഞ്ചായത്ത് ഏറ്റെടുത്ത പദ്ധതി ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-36 സമഗ്ര ശിക്ഷ കേരളം - പഞ്ചായത്ത് സക്രിയമായി ഇടപെടുന്നില്ല

പ്രോജക്റ്റിന്റെ പേര്, നമ്പർ	സർവ്വ ശിക്ഷ കേരളം- പഞ്ചായത്ത് വിഹിതം അടവാക്കൽ (153/23)
വകയിരുത്തൽ	1000000/- (വികസന ഫണ്ട്- ജനറൽ)
ചെലവ്	1000000/- ട്രഷറി ബിൽ നം. 22051052014300542234/16.9.2022

പ്രസ്തുത പദ്ധതി പ്രകാരം തണ്ണിത്തോട് പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകൾക്ക് സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ(കൈ.)84/22/തസ്വഭവ തീയതി 19.4.2022) 8.6(3) പ്രകാരം സമഗ്ര ശിക്ഷ കേരളം പ്രോജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കണം. എന്നാൽ, പ്രോജക്റ്റിന്റെ ആസൂത്രണത്തിലോ മോണിട്ടറിംഗിലോ പഞ്ചായത്തിന്റെ കാര്യമായ ഇടപെടലുണ്ടായിട്ടില്ല. ഓരോ സ്കൂളുകളിൽ എസ്.എസ്.കെ പ്രോജക്ട് പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രോജക്ട് ഓഫീസർ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (21/2.8.2023) മറുപടിയായി ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം കണക്കുകൾ മാത്രമാണ് സൂചിപ്പിക്കുന്നത്. ഏത് സ്കൂളുകളിൽ എന്ത് പ്രവർത്തനം നടത്തി എന്നത് വിശദമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ സമഗ്ര ശിക്ഷ കേരളം പ്രോജക്റ്റിന്റെ എല്ലാ ഘട്ടത്തിലും പഞ്ചായത്തിന്റെ സക്രിയമായി ഇടപെടലുണ്ടാകേണ്ടതാണ്.

1-37 പ്രഭാതഭക്ഷണ പരിപാടി എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ട് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. ഓഡിറ്റ് വർഷം പ്രഥമാദ്ധ്യാപിക, ജി.ഡബ്ല്യു.എൽ.പി.എസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ 154/23 നമ്പർ പ്രോജക്ട് പ്രകാരം 1038314/- രൂപ പ്രഭാതഭക്ഷണം നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, ഈ പ്രോജക്ട് ജി.ഡബ്ല്യു.എൽ.പി.എസ്, തണ്ണിത്തോട് എന്ന സ്കൂളിലെ വിദ്യാർത്ഥികൾക്ക് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ(കൈ.)84/22/തസ്വഭവ തീയതി 19.4.2022) 8.8.3(2)(i) പ്രകാരം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാതഭക്ഷണ വിതരണ പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ പ്രദേശങ്ങളിലെ സ്കൂളുകളിൽ ഈ പ്രോജക്ട് നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്. അധ്യാപക-രക്ഷകർത്തൃ സമിതിയുടെ ചുമതലയിൽ നടത്താവുന്ന പ്രോജക്ടിന് സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കാവുന്നതാണ്. സർക്കാർ സ്കൂളുകളിലെ യു.പി വിഭാഗം വരെയുള്ള അർഹരായ എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം ഉറപ്പാക്കിയതിന് ശേഷം പദ്ധതി എയ്ഡഡ് സ്കൂളുകളിലേക്കും നടപ്പാക്കാവുന്നതാണ്. പഞ്ചായത്തിലെ മറ്റ് സർക്കാർ സ്കൂളുകളിലേക്കും പ്രഭാതഭക്ഷണ വിതരണ പരിപാടി വ്യപിപ്പിക്കാനുള്ള സാദ്ധ്യത പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

1-38 അതിദാരിദ്ര്യ മൈക്രോപ്ലാൻ പൂർണ്ണമായി നടപ്പിലാക്കിയില്ല

അതിദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ ഉൾപ്പെടെ എല്ലാവിധ ഘടകങ്ങളും ഉൾപ്പെടുത്തി അതിദാരിദ്ര്യ സർവ്വേയിൽ കണ്ടെത്തിയവർക്ക് മൈക്രപ്ലാൻ പഞ്ചായത്തിൽ രൂപീകരിക്കണമെന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (സ.ഉ(കൈ.) 84/2022/തസ്വഭവ തീയതി 19.4.2022) പറഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ അതിദാരിദ്ര്യ സർവ്വേ നടത്തി 27 ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നു. 7.10.2022-ലെ 4(1)-ാം നമ്പർ തീരുമാനം പ്രകാരം പഞ്ചായത്തിലെ അതിദാരിദ്ര്യ മൈക്രോപ്ലാനിന് അംഗീകാരം ലഭിച്ചു.

303/23 നമ്പർ പ്രോജക്ടിൽ അതിദാരിദ്ര്യ ലിസ്റ്റിൽ ഉൾപ്പെട്ട 12 പേർക്ക് ഭക്ഷ്യകിറ്റ് നൽകുന്നതിന് 30000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഭവനനിർമ്മാണം ആവശ്യമുള്ള ഗുണഭോക്താക്കളെ ലൈഫിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിദാരിദ്ര്യ മൈക്രോപ്ലാൻ പ്രകാരം വിഭാവനം ചെയ്ത എല്ലാ ആനുകൂല്യങ്ങളും (മരുന്ന്, കുടിവെള്ളം, ടോയ്‌ലറ്റ്, വസ്ത്രം) ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-39 വാതിൽപ്പടി സേവനം നടപ്പാക്കുന്നതിൽ വീഴ്ച

പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങൾ കാരണം അവശത അനുഭവിക്കുന്നവരുടെയും അറിവില്ലായ്മയും മറ്റ് നിസ്സഹായാവസ്ഥകളും മൂലം സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങളുടെയും അടുത്തേക്ക് കൂടുതൽ സുഗമവും സമയബന്ധിതവുമായി എത്തിക്കാനാണ് വാതിൽപ്പടി സേവനം എന്ന ആശയത്തിന് സർക്കാർ രൂപം നൽകിയത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സാമൂഹിക നീതി വകുപ്പിന്റെയും സന്നദ്ധ സേവകരുടെയും സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹിക സുരക്ഷ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായത്തിനുള്ള അപേക്ഷ, ജീവൻ രക്ഷാമരുന്നുകൾ എത്തിക്കൽ ഉൾപ്പെടെയുള്ള സേവനങ്ങൾ ആവശ്യക്കാരുടെ അടുത്തേക്ക് ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

20.5.2022-ന് പഞ്ചായത്തിൽ വാതിൽപ്പടി സേവനത്തിന്റെ ഉദ്ഘാടനം നടന്നത്. പഞ്ചായത്തിൽ 39 പേരടങ്ങുന്ന സന്നദ്ധപ്രവർത്തകരുടെ പ്രാഥമിക ലിസ്റ്റിന് പഞ്ചായത്തിന്റെ 23.4.2022-ലെ 1(3)-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും അവരുടെ പോലീസ് വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി ലിസ്റ്റിന് അന്തിമ രൂപം നൽകിയിട്ടില്ല. 11.5.2022-ലെ 4(1)-ാം നമ്പർ തീരുമാനം പ്രകാരം വാതിൽപ്പടി സേവനത്തിന് അർഹതയുള്ള ഗുണഭോക്താക്കളുടെ പട്ടികയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 304 പേരുൾപ്പെടുന്ന ലിസ്റ്റിൽ 138 പേർ പാലിയേറ്റീവ് കെയർ വിഭാഗത്തിലും, 133 പേർ ആശ്രയ ലിസ്റ്റിലും 33 പേർ അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവരുമാണ്. വാതിൽപ്പടി സേവനത്തിനായി വിവാഹം രജിസ്ട്രേഷൻ, പെർമിറ്റ്, മറ്റ് ആവശ്യ സേവനങ്ങൾ എന്നിവ നൽകുന്നതിന് 100/- രൂപയിൽ കുറയാത്ത തുക സംഭാവനയായി സ്വീകരിക്കുന്നതിന് 29.9.2022-ലെ 11(1)-ാം നമ്പരായി പഞ്ചായത്ത് ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, നാളിതുവരെ ഒരു ഗുണഭോക്താവിന് ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്ന സേവനം മാത്രമാണ് ഈ പദ്ധതിയിലൂടെ പഞ്ചായത്തിന് നൽകാൻ സാധിച്ചിട്ടുള്ളത്. പദ്ധതി ഊർജ്ജിതപ്പെടുത്തി അവശത അനുഭവിക്കുന്നവർക്ക് ആവശ്യമായ സേവനം സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-40 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല

2022-23-ൽ വിവിധ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

ക്രമ നം.	പ്രവൃത്തിയുടെ പേര്	തുക നിക്ഷേപിച്ച ഏജൻസി	തുക
1	സ്ട്രീറ്റ് ലൈൻ നീട്ടൽ (മൂർത്തിമൺ)	കേരള സംസ്ഥാന വൈദ്യുതി ബോർഡ്	248402/-
2	വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ	കേരള സംസ്ഥാന വൈദ്യുതി ബോർഡ്	723552/-
3	GWUPS-ന് കുടിവെള്ള കണക്ഷൻ	കേരള വാട്ടർ അതോറിറ്റി	162000/-
4	പേരുവാലി കുടിവെള്ള പദ്ധതി	കേരള വാട്ടർ അതോറിറ്റി	6818000/-

പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/2.8.2023) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടിയാണ് ലഭിച്ചത്. സാമ്പത്തിക വർഷാവസാനം തുക നിക്ഷേപിക്കുന്നതാണ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരിക്കാനുള്ള കാരണം. പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-41 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളേയും, നിലവിലെ ആശ്രയ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനം അർഹരായവരുമായ ഗുണഭോക്താകളെയും കണ്ടെത്തി പുനരധിവാസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം എന്ന പദ്ധതി ആവിഷ്കരിച്ചത്. 14619701/- രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

ഇനം	ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം	വകയിത്തിയ തുക	ചെലവഴിച്ച തുക
ഭക്ഷണം	133	2667600	2430137
ചികിത്സ ധനസഹായം	82	750000	
വീട് നിർമ്മാണം	19	7600000	
വീട് മെയിന്റനൻസ്	20	2000000	2480000
വൈദ്യുതികരണം	1	10000	
ശൗചാലയം	2	20000	
കുടിവെള്ളം	10	100000	450000
ഭൂമി	7	1050000	
തൊഴിൽ പരിശീലനം		9000	
കൗൺസിലിംഗ്		30000	
പെൻഷൻ		7500	
പലവക		45000	
മെഡിക്കൽ ക്യാമ്പ്		75000	
വിദ്യാഭ്യാസം	13	112500	
റിസർവ് ഫണ്ട്		143101	

പദ്ധതി റീവിസിറ്റ് ചെയ്തിട്ടുണ്ട്. വീട് ആവശ്യമുള്ള ഗുണഭോക്താക്കളെ എല്ലാം ലൈഫിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചലഞ്ച് ഫണ്ടിൽ നിന്നും ഭക്ഷ്യ വിതരണത്തിനും വികസന ഫണ്ടിൽ നിന്നും വീട് പുനരുദ്ധാരണത്തിനും മാത്രമാണ് പദ്ധതിയിൽ നിന്നും നിലവിലുള്ള ചെലവ്. അഗതി രഹിത കേരളം ബാങ്ക് അക്കൗണ്ടിൽ 31.3.2023-ൽ 3105557 രൂപ ബാലൻസുണ്ട്. മറ്റ് ആനുകൂല്യങ്ങൾ ലഭിക്കേണ്ട ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭ്യമാകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-42 വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം - പ്രോജക്ട് നടപ്പായില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഖരമാലിന്യ സംസ്കരണം എന്ന പ്രോജക്ട് (38/23) നടപ്പിലാക്കാൻ തീരുമാനിക്കുകയും ഇതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1500000/- രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ എന്ന അക്രഡിറ്റഡ് ഏജൻസി മുഖേന GHSSഎലിമുള്ളുംപ്ലാക്കൽ, GHSSതേക്കുതോട്, തണ്ണിത്തോട് ശ്മശാനം എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. IRTC എസ്റ്റിമേറ്റ് ലഭ്യമാക്കിയെങ്കിലും എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതികാനുമതി ലഭിക്കാതിരുന്നതിനാൽ പ്രോജക്ട് നടപ്പായില്ല.

പ്രോജ്ക്റ്റ് ഉപേക്ഷിച്ചതിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/2.8.2023) GHSS എലിമുള്ളുംപ്ലാക്കൽ, GHSS തേക്കുതോട് എന്നിവിടങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന തുമ്പൂർമൂഴി യൂണിറ്റ് നിർമ്മിച്ചിട്ടുണ്ടെന്നും അധിക മാലിന്യ സംസ്കരണത്തിന് യൂണിറ്റ് ആവശ്യമില്ലായെന്നും ഖരമാലിന്യ സംസ്കരണ പദ്ധതി തുടർപരിപാലനം ചെലവേറിയതാണെന്നും പറഞ്ഞിട്ടുണ്ട്. ശ്മശാനത്തിൽ നിർമ്മിക്കാൻ ഉദ്ദേശിച്ച യൂണിറ്റിന് ആവശ്യമായ മാലിന്യ സ്രോതസ്സ് കണ്ടെത്താനായില്ല എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്കൂളുകളിലെ മാലിന്യത്തിന്റെ അളവ്, മാലിന്യ സംസ്കരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാൻ ഉദ്ദേശിച്ച പ്രോജക്ട് എന്നിവ സംബന്ധിച്ച് പഞ്ചായത്തിന്റെ അജ്ഞതയാണ് ഇത് സൂചിപ്പിക്കുന്നത്. പ്രവർത്തനം തുടങ്ങാത്ത ശ്മശാനത്തിൽ മാലിന്യ സംസ്കരണത്തിന് യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് ആസൂത്രണം ചെയ്തത് ന്യായീകരിക്കാവുന്നതല്ല. പ്രസ്തുത പ്രോജക്ട് 2023-24 വർഷം സ്പിൽ ഓവറാക്കുകയും തുടർന്ന് പ്രായോഗികമല്ലായെന്ന കാരണത്താൽ ഉപേക്ഷിക്കുകയുമാണ് ചെയ്തത്. വ്യക്തമായ ആസൂത്രണമില്ലായ്മയാണ് പ്രോജക്ട് ഉപേക്ഷിക്കാൻ കാരണമായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-43 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തുന്നില്ല

തനത് ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാൻ സാധിക്കുന്നില്ല. 4/2021 വരെയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ മാത്രമാണ് അടച്ചിട്ടുള്ളത്. 7/2023 വരെയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കാൻ 1653934/- രൂപ വേണ്ടി വരും എന്ന് പഞ്ചായത്ത് അധികൃതർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഫണ്ട് ലഭിക്കുന്നത് അനുസരിച്ച് പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സുഫലം -കിഴങ്ങ് കൃഷി വികസനം എന്ന പദ്ധതിയിൽ വ്യാപക ക്രമക്കേടുകൾ

സുഫലം കിഴങ്ങ് കൃഷി വികസനം എന്ന പദ്ധതി പ്രകാരം 2500 രൂപയുടെ 800 കിറ്റ് വിതരണം നടത്തുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ 13 വാർഡുകളിലായി 1400 വ്യക്തികൾ ഉൾപ്പെട്ടിരുന്നു, ഈ 1400 പേർക്കും കിഴങ്ങ് വിളകളുടെ കിറ്റ് നൽകിയതായി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടു. താഴെ പറയുന്ന 4 ഇൻവോയിസുകൾ വഴി 1428രൂപയുടെ 1400 കിറ്റുകൾ ആണ് ഗുണഭോക്താക്കൾക്ക് നൽകിയത്.എല്ലാ കിറ്റിലും ഒരേ അളവിൽ കിഴങ്ങു വിളകൾ വിതരണം നടത്തിയതിനാണ് 19.99 ലക്ഷം രൂപ കെയ്കോ എന്ന ഏജൻസിയ്ക്ക് കൃഷി ഓഫീസർ കൈമാറിയത്. എന്നാൽ കിഴങ്ങു വിളകളുടെ തൂക്കത്തിലും ഗുണനിലവാരത്തിലും വലിയ കുറവുണ്ടായതായും ഗുരുതരമായ ക്രമക്കേട് നടന്നതായും ഓഡിറ്റ് അന്വേഷണത്തിൽ കണ്ടു. ഈ കാരണങ്ങളാൽ കിറ്റിൽ ഇല്ലാതിരുന്ന ചേമ്പിനു നൽകിയ തുകയായ ₹2,24,000 ഓഡിറ്റിൽ നിരാകരിക്കുന്നു . മറ്റ് കിഴങ്ങു വിളകൾ വിതരണം നടത്തിയതിലും മേൽ ക്രമക്കേടുകൾ നടന്നതിനാൽ ബാലൻസ് തുകയായ 17,75,200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . ഗുരുതരമായ ക്രമക്കേടിന്മേൽ വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ അതീവ ശ്രദ്ധ ഉണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഗുണനിലവാരം കുറഞ്ഞ , അളവിൽ കുറവായ കിഴങ്ങുവിളകളുടെ കിറ്റുകൾ നൽകിയതിന് കെയ്കോ

എന്ന ഏജൻസിക്കെതിരെ അന്വേഷണം നടത്തണമെന്നും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. മറ്റ് വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-18 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3-2 ഫലവൃക്ഷത്തൈ വിതരണം - യൂണിറ്റ് കോസ്റ്റിലും അധികം സബ്സിഡി നൽകി

സമ്പൂർണ്ണ ഫലവൃക്ഷത്തൈ വിതരണം പദ്ധതിയിൽ കർഷകർക്കു 2665 പ്ലാവിൻ തൈ നൽകുന്നതിനു 5.33 ലക്ഷം രൂപ കൃഷി ഓഫീസർ ചെലവഴിച്ചിരുന്നു. എന്നാൽ പത്തനംതിട്ട ജില്ലാ കളക്ടർ നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റിനേക്കാൾ ഉയർന്ന നിരക്കാണ് ഒരു പ്ലാവിന്റെ വിലയായി നൽകിയിട്ടുള്ളത്. അതിനാൽ ₹133250 രൂപ വികസനഫണ്ടിനു നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-19 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3-3 പാർശ്വഭിത്തി നിർമ്മാണത്തിൽ ബോണ്ട് സ്റ്റോൺ സ്ഥാപിക്കാതിരുന്നിട്ടും ഉയർന്ന നിരക്കു നൽകി.

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കിയ DR കല്ല് കെട്ടിന് DSR-2018 പ്രകാരമുള്ള നിലവിൽ കേരളത്തിൽ ഉപയോഗിക്കാൻ സാഹചര്യമില്ലാത്ത നിരക്ക് (75.7.1) എസ്റ്റിമേറ്റുകളിൽ നൽകിയതായി കണ്ടു. Bond Stone ഉപയോഗിച്ചുള്ളDSR 75.7.1 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുമ്പോൾ നിരക്ക് ₹5988.21/m3 ആയി വർദ്ധിച്ചിട്ടുണ്ട്. ഈ നിരക്ക് വർദ്ധനയ്ക്കു കാരണം കേരളത്തിൽ ഉപയോഗത്തിൽ ഇല്ലാത്ത Bond Stone ന്റെ നിരക്കും ഇതു സ്ഥാപിക്കുന്നതിനായി നൽകേണ്ടി വരുന്ന ലേബർ ചാർജ്ജുമാണ്. റാൻഡമായി ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഇപ്രകാരം ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയാണ് DR കെട്ട് നിലവിലും നടത്തുന്നതെന്നു കണ്ടു. അതിനാൽ 75.7.1 എന്ന DSR നിരക്ക് (OD MORD) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതേ സമയം ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയുള്ള DR കല്ല് കെട്ടിന് DSR Code 60.7.1 ഉപയോഗിക്കുമ്പോൾ ₹3535.21/m3 രൂപ മാത്രമാണ് ചെലവു വരിക. ഈ നിരക്ക് നിലവിലിരിക്കെ, ഇത്തരത്തിൽ പ്രായോഗികമല്ലാത്ത നിരക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതു മൂലം ഗ്രാമപഞ്ചായത്തിനു ഗണ്യമായ നഷ്ടമുണ്ടാകുന്നുണ്ട്. ആയതിനാൽ ചെലവ് തുക 823679 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകതകളിന്മേൽ ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടർ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-20 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
കോന്നി ബ്ലോക്ക് പഞ്ചായത്ത്	200000	ശിശു സൌഹാർദ സ്മാർട്ട് അംഗൻവാടി (SO138/22-23)	200000	0
കോന്നി ബ്ലോക്ക് പഞ്ചായത്ത്	248574	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (SO152/22-23)	248574	0
കോന്നി ബ്ലോക്ക് പഞ്ചായത്ത്	160000	ലൈഫ്- ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം (പട്ടിക ജാതി) (SO177/22-23)	160000	0
കോന്നി ബ്ലോക്ക് പഞ്ചായത്ത്	19810	ജനകീയ ഹോട്ടൽ- തുടർപ്രവർത്തനങ്ങൾ (SO249/22-23)	19810	0
കോന്നി ബ്ലോക്ക് പഞ്ചായത്ത്	249000	സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് പള്ളി കുരിശ് ജംഗ്ഷൻ- ഐ.എച്ച്.ആർ.ഡി കോളേജ് ജംഗ്ഷൻ മിനി മാസ്റ്റ് സ്ഥാപിക്കൽ (SO22/22-23)	249000	0
കോന്നി ബ്ലോക്ക് പഞ്ചായത്ത്	300000	ഞങ്ങളും കൃഷിയിലേക്ക് (SO283/22-23)	300000	0

4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര് (പ്രോജക്ട് നം.)	ഏജൻസി	തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്
01	പേരുവാലി കുടിവെള്ള പദ്ധതി (S037/23)	കേരള വാട്ടർ അതോറിറ്റി	6818000	ലഭിച്ചിട്ടില്ല
02	GWUP സ്കൂളിന് കുടിവെള്ള കണക്ഷൻ (S0128/23)	കേരള വാട്ടർ അതോറിറ്റി	162000	ലഭിച്ചിട്ടില്ല
03	വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (S0133/23)	കെ.എസ്.ഇ.ബി.	723552	ലഭിച്ചിട്ടില്ല
04	സ്ട്രീറ്റ് ലൈൻ നീട്ടൽ-മൂർത്തിമൺ വാർഡ് (S0160/23)	കെ.എസ്.ഇ.ബി.	248402	ലഭിച്ചിട്ടില്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

വായ്പയുടെ പേര്/ഉദ്ദേശ്യം	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	തൻവർഷം തിരിച്ചടച്ച തുക		അധികമായി തിരിച്ചടച്ച തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	18,64,550	8,53,843	--	1098505	-	244662

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ക്രമ നം	ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1	2004-05	1-1(1)(1)	2004-05	1.1(1)(1)	മരാമത്ത് പണികൾ (പൊതു പരാമർശം)	നിലനിൽക്കുന്നു
2	2004-05	1-11	2004-05	1.11	നികുതികളും വിഹിതങ്ങളും ഒടുക്ക് വരുത്തുന്നില്ല (പൊതു പരാമർശം)	നിലനിൽക്കുന്നു
3	2004-05	2-2	2004-05	2.2	നിക്ഷേപ പദ്ധതികൾ പൂർത്തിയാക്കിയില്ല (പൊതു പരാമർശം)	നിലനിൽക്കുന്നു
4	2004-05	2-3	2004-05	2.3	തൊഴിൽ സംരംഭങ്ങൾ	നിലനിൽക്കുന്നു

					അടച്ച് പൂട്ടിയത് (പൊതുപരാമർശം)	
5	2004-05	2-4	2004-05	2.4	കാർഷിക യന്ത്രവൽക്കരണം (പൊതുപരാമർശം)	നിലനിൽക്കുന്നു
6	2007-08	3-13	2007-08	3.13	തെരുവ് വിളക്ക് മീറ്റർ, ഡെപ്പോസിറ്റ് വർക്കുകളുടെ ധന വിനിയോഗ സർട്ടിഫിക്കറ്റ്, നികുതി പിരിവ് (പൊതുപരാമർശം)	നിലനിൽക്കുന്നു
7	2011-12	2-3	2011-12	2-3	നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച (പൊതു പരാമർശം)	നിലനിൽക്കുന്നു
8	2014-15	2-1	2014-15	2.1	തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തത് സംബന്ധിച്ച്	നിലനിൽക്കുന്നു
9	2014-15	2-2	2014-15	2-2	സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്	നിലനിൽക്കുന്നു
10	2015-16	2-2	2015-16	2-2	തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തത് സംബന്ധിച്ച്	നിലനിൽക്കുന്നു

4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	166207222/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	158669686/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	1270929/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1775200/-

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ്	സർചാർജ്ജ്	
1-18		224000/-	ശ്രീ. ഷിബിൻ ഷാജ്, കൃഷി ഓഫീസർ
1-19		133250/-	ശ്രീ. ഷിബിൻ ഷാജ്, കൃഷി ഓഫീസർ
1-20		913679/-	ശ്രീ. അഭിലാഷ് ബി, അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ		1270929/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	1775200/-	ശ്രീ. ഷിബിൻ ഷാജ്, കൃഷി ഓഫീസർ
ആകെ	1775200/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ഷിബിൻ ഷാജ്, കൃഷി ഓഫീസർ	കൃഷി ഓഫീസർ, അടൂർ നഗരസഭ	തെങ്ങുവിള പുത്തൻവീട്, പടിഞ്ഞാറ്റിൻകര പി.ഒ, കൊട്ടാരക്കര, കൊല്ലം ജില്ല 686574
ശ്രീ. അഭിലാഷ് ബി, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്	അമ്പാടി, മിന്നംകോട്, പേയാട് P.O തിരുവനന്തപുരം -695573

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2003-04	എൽ.എഫ്.പി.റ്റി.എ-പി7/203/10 തീയതി 13-1-11/22-3-12	4(3-11,3-12,3-13,3-14)
2007-08	എൽ.എഫ് പി.റ്റി.എ-പി9/242/12 തീയതി 14-5-12/16-11-12	1(3-5)
2009-10	എൽ. എഫ് പി റ്റി എ പി 9/ 262/12 തീയതി 06-06-12	3(3-1, 3-2, 3-3)
2013-14 & 2014-15	എൽ. എഫ് പി റ്റി എ പി 9/929/16 തീയതി 6.2.2016	3(2-1, 2-2, 3-4)
2015-16	കെ.എസ്.എ.പി.റ്റി.എ പി9/1450/16 തീയതി 20-01-2017	2(3-1,3-2)
2016-17	കെ.എസ്.എ.പി.റ്റി.എ പി9/1133/17 തീയതി 19-10-2017	4(3-11, 3-12, 3-18, 3-19)
2017-18	കെ.എസ്.എ.പി.റ്റി.എ പി9/1626/18 തീയതി 07-01-2019	4(2-3, 2-5, 2-10, 3-7)
2018-19	കെ.എസ്.എ.പി.റ്റി.എ പി9/199/20 തീയതി 20.03.2020	എല്ലാ ഖണ്ഡികകളും
2019-20	കെ.എസ്.എ.പി.റ്റി.എ പി9/607/21 തീയതി 01.10.2021	,,
2020-21	കെ.എസ്.എ.പി.റ്റി.എ പി9/608/21 തീയതി 03.10.2021	,,
2021-22	കെ.എസ്.എ.പി.റ്റി.എ പി9-1311/22	,,

	തീയതി 11.01.2023	

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 03-07-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the THANNITHODE Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of THANNITHODE Grama Panchayat for the year 2022-2023

Date: 30/09/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of THANNITHODE Grama Panchayat for the Year 2022-2023 .

1.Major Observations

Nil

2.Other Observations

1) Notes on accounts and basic ratios as stipulated in the Rule 62 of Kerala Panchayat Raj Accounting Rules,2011 are not appended along with the Annual Financial Statement.

2) The total cash flow for the year in the cash flow statement does not match the amount shown as the difference between the opening balance and the closing balance in the statement.

3)The Demand, Collection and Balance amount of Property Tax as per the accounts do not tally with the corresponding figures in Sanchaya software.

Deputy Director

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്